കുടുംബശ്രീ വാർത്താപത്രിക

കേരള സർക്കാർ
തദ്ദേശസ്വയംഭരണ വകുപ്പ്

ലക്കം 68-69 2015 മാർച്ച് – ഏപ്രിൽ www.kudumbashree.org

# രുചിവൈവിധ്യങ്ങളുമായി ഗൾഫിൽ കഫേ കുടുംബശ്രീ ഭക്ഷ്യമേള



അബുദാബിയിൽ മലയാള മനോരമ സംഘടിപ്പിച്ച ഗൾഫ് കേരള ഫെസ്റ്റ് യുഎഇ എക്സ്ചേഞ്ച് പ്രസിഡന്റ് വൈ. സുധീർ കുമാർ ഷെട്ടി ഉദ്ഘാടനം ചെയ്യുന്നു. മലയാള മനോരമ മാർക്കറ്റിംഗ് ചീഫ് ജനറൽ മാനേജർ ജോയ് മാത്യു, കുടുംബശ്രീ എക്സിക്യുട്ടീവ് ഡയറക്ടർ കെ. ബി വത്സലകുമാരി, കുടുംബശ്രീയിലെ മുതിർന്ന അംഗം ഗീത, അബുദാബി മലയാളി സമാജം പ്രസിഡന്റ് ഷിബു വർഗീസ് എന്നിവർ സമീപം

അബുദാബിയിലും ദുബായിലും മലയാള മനോരമ ഒരുക്കിയ ഗൾഫ് കേരള ഫെസ്റ്റിൽ രുചിവൈവിധ്യങ്ങളുമായി കഫേ കുടുംബശ്രീ ഭക്ഷ്യമേളയും. അബുദാബിയിൽ മലയാളമനോരമ സംഘടിപ്പിച്ച ഗൾഫ് കേരള ഫെസ്റ്റിൽ നാടിന്റെ മണവും രുചിയുമായി പങ്കെടുക്കാനെത്തിയ കുടുംബശ്രീയുടെ ഫുഡ് സ്റ്റാൾ യുഎഇ എക്സ്ചേഞ്ച് പ്രസിഡന്റ് വൈ. സുധീർകുമാർ ഷെട്ടി ഉദ്ഘാടനം ചെയ്തു.

സുധീർകുമാർ ഷെട്ടി കുടുംബശ്രീക്കു പൂർണ പിന്തുണ വാഗ്ദാനം ചെയ്തു. കെട്ടിട നിർമ്മാണ കമ്പനികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ടെക്സ്റ്റൈൽ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സ്റ്റാളുകളും പ്രദർശനത്തിലുണ്ടായിരുന്നു.

മായംചേർത്ത ഭക്ഷണം പെരുകുന്ന ലോകത്തിൽ മായമില്ലാത്ത കലർപ്പില്ലാത്ത സ്നേഹം ചാലിച്ച ഭക്ഷണമാണ് കുടുംബശ്രീ നൽകുന്നതെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി. വൽസലകുമാരി പറഞ്ഞു. കുടുംബശ്രീ പ്രവർത്തകരെന്നാൽ ശുചീകരണ തൊഴിലാളികളാണെന്നാണു തെറ്റിദ്ധാരണ. എന്നാൽ കുടുംബശ്രീ പ്രവർത്തകർ ജീവിതത്തിന്റെ സമസ്ത മേഖലകളിലും വൈദഗ്ദ്ധ്യം തെളിയിച്ചവരാണ്. ചെറിയ കൂട്ടായ്മയിൽ നിന്നു കേരളത്തിന്റെ സമഗ്ര വികസനത്തിനു വഴിയൊരുക്കുന്ന വനിതാ കൂട്ടായ്മയാണിതെന്നും അവർ പറഞ്ഞു.

മലയാള മനോരമ മാർക്കറ്റിങ് ചീഫ് ജനറൽ മാനേജർ ജോയ് മാത്യു അധ്യക്ഷത വഹിച്ചു. കുടുംബശ്രീയുടെ മുതിർന്ന അംഗം ഗീത ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. അബുദാബി മലയാളി സമാജം പ്രസിഡന്റ് ഷിബു വർഗീസ് പ്രസംഗിച്ചു.

കേരളത്തിലെ എല്ലാ ജില്ലകളിലെയും തനതു ഭക്ഷ്യവിഭവങ്ങൾ പത്തോളം പാചകശാലകളിലായാണു തയ്യാറാക്കിയത്. ഓരോ ജില്ലയുടെയും വിഭവങ്ങൾ അതതു ജില്ലയിൽ നിന്നെത്തിയ കുടുംബശ്രീ അംഗങ്ങൾ തന്നെയാണ് തയ്യാറാക്കിയത്.

മൂന്നു ദിവസം അബുദാബി മലയാളി സമാജത്തിൽ നടന്ന ഗൾഫ് കേരള ഫെസ്റ്റിനു ശേഷം ദുബായിലെ ഖിസൈസിൽ ഏപ്രിൽ 16,17,18 തീയതികളിൽ ഫെസ്റ്റ് നടത്തി. അബുദാബിയിലെ പോലെ കുടുംബശ്രീ ഭക്ഷ്യമേളയും റിയൽ എസ്റ്റേറ്റ് കമ്പനി സ്റ്റാളുകളുമായിരുന്നു ഖിസൈസിലെയും പ്രധാന ആകർഷണം.

വടക്കൻ എമിറേറ്റുകളിൽ നിന്നും മറ്റും അബുദാബിയിൽ എത്താനാകാതിരുന്നവർക്കു ദുബായിൽ സംഘടിപ്പിച്ച ഫെസ്റ്റ് സന്ദർശിക്കാൻ അവസരമുണ്ടായി. അൽഐൻ, ബദാസായിദ്, റുവൈസ് ഭാഗങ്ങളിൽ നിന്നുള്ള ഒട്ടേറെ കുടുംബങ്ങളും അബുദാബിയിൽ ഫെസ്റ്റ് കാണാനെത്തിയിരുന്നു.

ശേഷം പേജ് 5 കാണുക



യുഎഇ എക്സ്ചേഞ്ച് പ്രസിഡന്റ് വൈ. സുധീർകുമാർ ഷെട്ടി, കുടുംബശ്രീ എക്സിക്യുട്ടീവ് ഡയറക്ടർ കെ. ബി വത്സലകുമാരി എന്നിവർ ഭക്ഷ്യമേള സന്ദർശിക്കുന്നു

## കുഞ്ഞമ്മചേച്ചി




ആറു മാസം മുതൽ മൂന്നു വയസു വരെയുള്ള കുട്ടികൾക്ക് അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന പൂരക പോഷകാഹാരം അമൃതം ന്യൂട്രിമിക്സ് തയ്യാറാക്കുന്നത് കുടുംബശ്രീ യൂണിറ്റുകൾ



ദേശീയ നഗര ഉപജീവന പദ്ധതിയുടെ ഉദ്ഘാടനം നഗരകാര്യ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി മഞ്ഞളാംകുഴി അലി നിർവഹിക്കുന്നു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.ബി വത്സലകുമാരി, പ്രോഗ്രാം മാനേജർ (സോഷ്യൽ ഡെവലപ്മെന്റ്) ഡോ.എസ് സലിം എന്നിവർ സമീപം

# ഇന്ത്യയിലെ അമേരിക്കൻ സ്ഥാനപതി കുടുംബശ്രീ സന്ദർശിച്ചു



ഇന്ത്യയിലെ അമേരിക്കൻ സ്ഥാനപതി റിച്ചാർഡ് എൻ വെർമയ്ക്ക് കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ സ്വീകരണം നൽകിയപ്പോൾ

ഇന്ത്യയിലെ അമേരിക്കൻ സ്ഥാനപതി റിച്ചാർഡ് ആർ. വെർമ കുടുംബശ്രീ പ്രവർത്തനങ്ങൾ നേരിൽ കണ്ടു മനസിലാക്കാൻ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ സംരംഭമായ "അമൃതം" ന്യൂട്രിമിക്സ് യൂണിറ്റ് സന്ദർശിച്ചു.

കുടുംബശ്രീയെ കുറിച്ച് ഇതിനു മുമ്പ് ഏറെ ചോദിച്ചറിഞ്ഞ സ്ഥാനപതി അത് നേരിൽ കാണുന്നതിനാണ് പഞ്ചായത്തിലെത്തിയത്. കുടുംബശ്രീ ഉദ്യോഗസ്ഥർക്കും പ്രവർത്തകർക്കും ആവേശം പകരുന്നതായിരുന്നു സ്ഥാനപതിയുടെ സന്ദർശനം. സംസ്ഥാനത്തെ അങ്കൺവാടികളിലെ കുഞ്ഞുങ്ങൾക്ക് നൽകുന്ന പൂരക പോഷകാഹാരം നിർമിക്കുന്ന യൂണിറ്റിന്റെ പ്രവർത്തരീതികൾ മുഴുവൻ അദ്ദേഹം ചോദിച്ചറിഞ്ഞു. യൂണിറ്റ് അംഗങ്ങളായ കുടുംബശ്രീ പ്രവർത്തകരോട് കാര്യങ്ങൾ നേരിട്ട് ചോദിച്ചു മനസിലാക്കുന്നതിനും അദ്ദേഹം ഏറെ ഉത്സാഹം കാട്ടി.

സ്ഥാനപതിക്കു കാണാനായി കുടുംബശ്രീയുടെ വൈവിധ്യമാർന്ന ഉൽപന്നങ്ങളുടെ പ്രദർശനവും ഒരുക്കിയിരുന്നു. ഓരോ ഉൽപന്നങ്ങളും കണ്ടു മനസിലാക്കുന്നതിനോടൊപ്പം അത് നിർമിക്കുന്ന സംരംഭകരോട് കുശലം പറയാനും അദ്ദേഹം മറന്നില്ല. അര മണിക്കൂറോളം യൂണിറ്റ് സന്ദർശനത്തിനായി ചെലവിട്ട സ്ഥാനപതി സംരംഭകരിൽ നിന്ന് രണ്ട് ബാഗും ഒരു ജോഡി ചെരുപ്പും വാങ്ങി. ഉന്നത നിലവാരം പുലർത്തുന്ന ഉൽപന്നങ്ങൾ നിർമിക്കുന്ന കുടുംബശ്രീയുടെ പ്രവർത്തന മികവിനെ അദ്ദേഹം പ്രശംസിച്ചു.

അൻവർ സാദത്ത് എം.എൽ.എ, എ.ഡി.എം ബി രാമചന്ദ്രൻ, ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ടാനി തോമസ്, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർമാരായ മഞ്ജു, സന്തോഷ് പി അഗസ്റ്റിൻ, എം. കെ ഷാജി, പി.വൈ വർഗീസ്,എം. ജെ ജോമി, ദിലീപ് കപ്രശ്ശേരി, ലേഖ ഓമനക്കുട്ടൻ, കുടുംബശ്രീ പ്രവർത്തകർ എന്നിവർ പങ്കെടുത്തു. സന്ദർശനം തന്നെ സംബന്ധിച്ച് തികച്ചും അവിസ്മരണീയമെണ് സ്ഥാനപതി അഭിപ്രായപ്പെട്ടു.

# ദേശീയ നഗര ഉപജീവന പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കമായി

നഗര ദാരിദ്ര്യ നിർമാർജനം ലക്ഷ്യമിട്ട് കുടുംബശ്രീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന ദേശീയ നഗര ഉപജീവന പദ്ധതിക്ക് (എൻ.യു.എൽ.എം) തുടക്കം കുറിച്ചു. പദ്ധതിയുടെ ഉദ്ഘാടനം നഗരകാര്യ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി മഞ്ഞളാംകുഴി അലി നിർവഹിച്ചു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.ബി വത്സലകുമാരി അധ്യക്ഷത വഹിച്ചു.

നഗരപ്രദേശത്തെ ഭവനരഹിതരായ ദരിദ്രർക്ക് വീട്, അടിസ്ഥാന സൗകര്യങ്ങൾ, തൊഴിൽ-വൈദഗ്ധ്യ പരിശീലനം, തൊഴിൽ ലഭ്യത ഉറപ്പാക്കൽ, തെരുവോര കച്ചവടക്കാർക്കുള്ള ഉപജീവന പദ്ധതി, നൂതനമായ മറ്റ് തൊഴിൽ പദ്ധതികൾ, സാമൂഹിക വിഭവ സമാഹരണവും സ്ഥാപനങ്ങളുടെ ശാക്തീകരണവും എന്നിവയുൾപ്പെട്ട ബൃഹത് പദ്ധതിയാണ് എൻ.യു.എൽ.എം. നഗര പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യവികസനത്തിനും ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങൾക്കും പ്രത്യേക ഊന്നൽ നൽകി നടപ്പാക്കുന്ന പദ്ധതി കൂടിയാണിത്.

പദ്ധതിയുടെ ഭാഗമായി നഗരത്തിലെ ദരിദ്രരായ ഭവനരഹിതർക്കായി പുതിയ ഷെൽട്ടർ ഹോമുകൾ നിർമിക്കും. കൂടാതെ നിലവിലുള്ള ഷെൽട്ടർ ഹോമുകളുടെ പുനരുദ്ധാരണത്തിനും നിർദേശമുണ്ട്. നൂറു പേർക്ക് താമസിക്കാൻ കഴിയുന്ന വിധത്തിലുള്ള ഷെൽട്ടർ ഹോമുകൾ ഫ്ളാറ്റ് സമുച്ചയമായിട്ടാണ് നിർമിക്കുക.

നഗര ദരിദ്രർക്ക് വരുമാന ലഭ്യത ഉറപ്പുവരുത്തുന്ന സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ വൈദഗ്ധ്യ പരിശീലനം നൽകും. ഇപ്രകാരം പരിശീലനം ലഭിച്ചവർക്ക് വ്യക്തഗത-ഗ്രൂപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ എല്ലാവിധ പിന്തുണാ സംവിധാനവും കുടുംബശ്രീ മുഖേന ലഭ്യമാക്കും. വിദേശത്തെ തൊഴിലവസരങ്ങൾ കൂടി പരമാവധി പ്രയോജനപ്പെടുത്തുന്ന വിധത്തിലുള്ള വിദഗ്ധ പരിശീലനമാണ് നൽകുക. ഇതിനായി വിവിധ തൊഴിൽ മേഖലകളിലെ തൊഴിൽ അവസരങ്ങൾക്കായി നഗരമേഖലയിലെ യുവജനങ്ങളെ സജ്ജരാക്കുന്നതോടൊപ്പം ഇംഗ്ളീഷ് ഭാഷാ പഠനം, വിവര സാങ്കേതിക വിദ്യ എന്നിവയിലുള്ള പ്രത്യേക പരിശീലനവും നൽകും.

വഴിയോര കച്ചവടക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട ഉപജീവന സാധ്യതകൾ ലഭ്യമാക്കുന്നതിനായി തൊഴിൽ-വൈദഗ്ധ്യ പരിശീലനം നൽകുന്നതും അവരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനാവശ്യമായ സാമൂഹ്യ സുരക്ഷാ പരിപാടികൾ സംഘടിപ്പിക്കുന്നതും പദ്ധതിയുടെ ഭാഗമാണ്. ഇതുകൂടാതെ നഗരദരിദ്രരുടെ ഉപജീവനത്തിനും വരുമാന വർദ്ധനവിനും സാമൂഹ്യ സുരക്ഷയ്ക്കും

ശേഷം പേജ് 2 കാണുക

# തെളിയട്ടെ ഈ ശ്രീയെങ്ങും



**രാ**ജ്യാന്തരശ്രദ്ധ നേടുന്ന തരത്തിൽ അഭിനന്ദനാർഹമായ മറ്റൊരു നേട്ടം കൂടി കുടുംബശ്രീയുടെ ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുകയാണ്. ദാരിദ്ര്യ നിർമാർജന സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ മറ്റു സംസ്ഥാനങ്ങളിലേക്കു കൂടി വ്യാപിപ്പിക്കുന്ന ദൗത്യത്തിലാണ് കുടുംബശ്രീയിന്ന്. അതോടൊപ്പം കുടുംബശ്രീയുടെ ഏറ്റവും മികച്ച സൂക്ഷ്മസംരംഭ മാതൃകകളിൽ ഒന്നായ കഫേ കുടുംബശ്രീയുടെ പരിശുദ്ധമായ സ്വാദും ഗന്ധവും കടലിനക്കരെ അബുദാബിയിലും ദുബായിലും വരെ എത്തിക്കാൻ കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യത്തിലാണ് ഇന്ന് ഈ സംഘടനാ സംവിധാനം.

മലയാള മനോരമ ഏപ്രിൽ 9,10,11 തീയതികളിൽ അബുദാബിയിലും 17,18,19 തീയതികളിൽ ദുബായിലുമായി സംഘടിപ്പിച്ച ഗൾഫ് കേരളാ ഫെസ്റ്റിന്റെ ഭാഗമായിട്ടാണ് കുടുംബശ്രീയുടെ ഭക്ഷ്യമേള സംഘടിപ്പിച്ചത്. മുപ്പതു ശതമാനത്തോളം മലയാളികൾ ഉള്ള യു.എ.ഇയിൽ സംഘടിപ്പിച്ച ഗൾഫ് കേരള ഫെസ്റ്റിൽ കുടുംബശ്രീ സാന്നിദ്ധ്യമറിയിക്കുന്നത് ഇതാദ്യമാണ്.

കാസർകോട് മുതൽ പാറശ്ശാല വരെയുള്ള കഫേ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും ഏറ്റവും മികച്ച യൂണിറ്റുകളെയാണ് യു.എ.ഇയിൽ സംഘടിപ്പിച്ച ഭക്ഷ്യമേളയിൽ പങ്കെടുക്കാനായി തിരഞ്ഞെടുത്തത്. ഇന്ന് സംസ്ഥാനമൊട്ടാകെ സംഘടിപ്പിക്കുന്ന പല പ്രമുഖ മേളകളുടേയും അവിഭാജ്യഘടകമാണ് കഫേ കുടുംബശ്രീ. കൂടാതെ ഇക്കഴിഞ്ഞ ദേശീയ ഗെയിംസിൽ പതിനായിരക്കണക്കിന് ആളുകൾക്ക് കുറ്റമറ്റ രീതിയിൽ ഭക്ഷണവിതരണം നടത്തിക്കൊണ്ട് ഏവരുടെയും പ്രശംസ പിടിച്ചുപറ്റാൻ കുടുംബശ്രീക്കു കഴിഞ്ഞിരുന്നു. ഈ ആത്മവിശ്വാസത്തിന്റെ ചുവടു പിടിച്ചാണ് തനിമയും പരിശുദ്ധിയും കേരളീയതയും നിറയുന്ന സ്വാദിന്റെ രുചിക്കൂട്ടുകളുമായി കടലിനക്കരെയിലേക്കും കുടുംബശ്രീ സാന്നിദ്ധ്യമറിയിച്ചത്. ഇതുവഴി കുടുംബശ്രീ അംഗങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം നേടാനായി എന്നതിൽ മാത്രമൊതുങ്ങുന്നില്ല കുടുംബശ്രീയുടെ നേട്ടം. രാജ്യാന്തരതലത്തിൽ പോലും കഫേ കുടുംബശ്രീയുടെ സാന്നിദ്ധ്യമറിയിക്കാൻ കഴിഞ്ഞു എന്നതിലാണ്.

വിദേശ നാണ്യം നേടാൻ തക്ക വിധം നിരവധി അവസരങ്ങൾ ഇതോടൊപ്പം കുടുംബശ്രീക്കു മുന്നിൽ തുറന്നു കഴിഞ്ഞു. ഈ അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് കുടുംബശ്രീ വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങളും അതിലൂടെ മെച്ചപ്പെട്ട വരുമാനവും ലഭ്യമാക്കുക എന്നതാണ് കുടുംബശ്രീയുടെ ലക്ഷ്യം, സുസ്ഥിരവും ആത്മാർത്ഥവുമായ പരിശ്രമങ്ങളിലൂടെ അത് സാധ്യമാക്കാൻ കഴിയും എന്നുതന്നെയാണ് കുടുംബശ്രീ പ്രതീക്ഷിക്കുന്നത്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

# മൊബൈൽ മാർക്കറ്റ് ഉദ്ഘാടനം ചെയ്തു



*മൊബൈൽ മാർക്കറ്റ് സംരംഭകർ കുടുംബശ്രീ-ജില്ലാപഞ്ചായത്ത് അധികൃതർക്കൊപ്പം*

**കൊ**ല്ലം ജില്ലയിൽ കുടുംബശ്രീ ജില്ലാമിഷനും ജില്ലാപഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്ന സഞ്ചരിക്കുന്ന വിപണന കേന്ദ്രം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എസ്. ജയമോഹൻ ഉദ്ഘാടനം ചെയ്തു. തലവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീലേഖ രാജീവ് അധ്യക്ഷത വഹിച്ചു.

കുടുംബശ്രീ ജില്ലാമിഷൻ, ജില്ലാ പഞ്ചായത്ത്, വിവിധ പൊതുമേഖലാ ബാങ്കുകൾ എന്നിവയുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. കൂടുതൽ പഞ്ചായത്തുകളിലേക്ക് പദ്ധതി വ്യാപിപ്പിക്കും. വിഷരഹിത പച്ചക്കറികളും മായം കലരാത്ത ഉൽപന്നങ്ങളും വീടുകളിൽ നേരിട്ടെത്തിച്ച് ആരോഗ്യമുള്ളൊരു തലമുറയെ വാർത്തെടുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

ആദ്യഘട്ടത്തിൽ ജില്ലയിലെ കലവൂർ, എരവൂർ, കുണ്ടറ, എഴുകോൺ എന്നീ പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പാക്കുന്നത്. കുടുംബശ്രീ ഉൽപന്നങ്ങൾക്ക് വപണിയൊരുക്കി പ്രാദേശിക സാമ്പത്തിക വികസനത്തിന് കരുത്തേകുക എന്നതും പദ്ധതിയുടെ ലക്ഷ്യമാണ്. പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ സംരംഭകരിൽ നിന്നും സംഘകൃഷി അംഗങ്ങളിൽ നിന്നും ഉൽപന്നങ്ങൾ നേരിട്ട് വാങ്ങി അത് വിവിധ പഞ്ചായത്തുകളിൽ വിതരണം ചെയ്യും. അഞ്ചു കുടുംബശ്രീ വനിതകൾ ഉൾപ്പെടുന്ന സംരംഭക ഗ്രൂപ്പുകൾ രൂപവൽക്കരിച്ച് കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ സംരംഭകത്വ വികസന പരിശീലനവും ഡ്രൈവിംഗ് പരിശീലനവും നൽകി.

ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അഡ്വ. ബിജു കെ മാത്യു സ്വാഗതം പറഞ്ഞു. കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ഡോ.ടി ബിജു പദ്ധതി വിശദീകരിച്ചു. വിവിധ ഗ്രാമപഞ്ചായത്തുകളിൽ മൊബൈൽ മാർക്കറ്റ് നടത്തുന്നതിന് നൽകിയ വാഹനങ്ങളുടെ താക്കോൽ ജില്ലാപഞ്ചായത്ത് അംഗങ്ങളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷൻമാർ ഏറ്റുവാങ്ങി. അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ എച്ച് സഫീർ, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, വിവിധ ഗ്രാമപഞ്ചായത്ത് അധികൃതർ എന്നിവർ സംസാരിച്ചു. സി.ഡി.എസ് ചെയർപേഴ്സൺ ജി.ശ്യാമളയമ്മ നന്ദി പറഞ്ഞു.

## ദേശീയ നഗര.....

ഒന്നാം പേജിൽ നിന്നും തുടർച്ച ⇨

സഹായകമാകുന്ന നൂതനമായ മറ്റ് കർമപദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും എൻ.യു.എൽ.എമ്മിന്റെ മാർഗരേഖയിൽ പ്രത്യേക നിർദേശമുണ്ട്.

കുടുംബശ്രീ പ്രോഗ്രാം മാനേജർ (സോഷ്യൽ ഡെവലപ്മെന്റ്) ഡോ.എസ് സലിം സ്വാഗത പ്രസംഗം നടത്തി. റോഷ്നി പിള്ള(മാനേജർ, സോഷ്യൽ ഡെവലപ്മെന്റ്, രാജീവ് ആവാസ് യോജന), ഭാവന ( മാനേജർ, കപ്പാസിറ്റി ബിൽഡിംഗ്, രാജീവ് ആവാസ് യോജന)), പ്രദീപ് (മാനേജർ, എം.ഐ.എസ്, രാജീവ് ആവാസ് യോജന) എന്നിവർ പദ്ധതി വിശദീകരണം നടത്തി. ജേക്കബ് ചാണ്ടി (മാനേജർ, എൻജിനീയറിംഗ്, രാജീവ് ആവാസ് യോജന) ആശംസാ പ്രസംഗം നടത്തി. കുടുംബശ്രീ കൊല്ലം ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ബിജു. ടി കൃതജ്ഞത അറിയിച്ചു. നഗരകാര്യ ജോയിന്റ് ഡയറക്ടർ പി.എ പയസ്, ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർ, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർമാർ, വിവിധ നഗരസഭാ സെക്രട്ടറിമാർ, നഗരസഭാ അധ്യക്ഷൻമാർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

# ഇന്ന് ഞാൻ...



## അമ്പത്തേഴിലും ചുറുചുറുക്കോടെ

**ഞാ**ൻ ലില്ലി ആന്റോ. തൃശൂർ ജില്ലയിലെ അന്നമനട സി.ഡി.എസ് വൈസ് ചെയർപേഴ്സണും സി.ഡി.എസ് അംഗവുമാണ്. കുടുംബശ്രീ മുഖേന നടപ്പാക്കുന്ന സ്ത്രീ പദവി സ്വയംപഠന പ്രക്രിയയുടെ ഭാഗമായി രൂപീകരിച്ച ജെൻഡർ കോർ ടീം റിസോഴ്സ് പേഴ്സണായി ജോലി ചെയ്യുന്നു.

എനിക്ക് മൂന്നു മക്കളാണുള്ളത്. അഞ്ചു വർഷം മുമ്പാണ് ഞാൻ കുടുംബശ്രീ അയൽക്കൂട്ട അംഗമാകുന്നത്. സ്ത്രീപദവി സ്വയംപഠന പ്രക്രിയയുടെ മൂന്നാംഘട്ട പരിശീലന കളരിയിൽ പങ്കെടുക്കുന്നത് വരെ ഒരു കായികമത്സരത്തിൽ പങ്കെടുക്കുന്നതിനെക്കുറിച്ചോ വിജയം നേടുന്നതിനെക്കുറിച്ചോ ഞാൻ സ്വപ്നത്തിൽപ്പോലും ചിന്തിച്ചിരുന്നില്ല. ആ പരിശീലന കളരിയിൽ നിന്ന് ലഭിച്ച ഊർജം ഉൾക്കൊണ്ട് എന്റെ പഞ്ചായത്തിൽ കുടുംബശ്രീ വനിതകൾക്കായി ഒരു ബാസ്കറ്റ് ബോൾ ടീം രൂപീകരിക്കുന്നതിന് നേതൃത്വം കൊടുക്കാൻ എനിക്ക് സാധിച്ചു.

ഈ ആശയം മുന്നോട്ട് വച്ചപ്പോൾ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്ന് പത്തോളംപേർ മുന്നോട്ടുവന്നു. എല്ലാവരും മുപ്പതിൽക്കൂടുതൽ പ്രായമുള്ള വീട്ടമ്മമാർ. എനിക്ക് പ്രായം 57. പഞ്ചായത്ത് ഏർപ്പെടുത്തി തന്ന കോച്ചിന്റെ കീഴിൽ അടുത്തുള്ള പാലിശ്ശേരി എൻ.എസ്.എസ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിലായിരുന്നു ഞങ്ങളുടെ പരിശീലനം. ആദ്യദിവസങ്ങളിൽ ശാരീരികമായ ബുദ്ധിമുട്ടുകൾ ഉണ്ടായെങ്കിലും എനിക്കും എന്റെ കൂട്ടുകാർക്കും വളരെ സന്തോഷം നിറഞ്ഞ ദിനങ്ങളായിരുന്നു ആ പരിശീലന കാലഘട്ടം. ഒരുപാട് മാനസിക സംഘർഷങ്ങളും പ്രയാസങ്ങളും ഉണ്ടായിരുന്ന ഞങ്ങൾക്ക് പരസ്പരമുള്ള പ്രോത്സാഹനം ആത്മവിശ്വാസം നൽകി.

ഞങ്ങളുടെ ടീമിൽ അമിതവണ്ണക്കാരും ഉണ്ടായിരുന്നു. ചിട്ടയായ വ്യായാമവും പരിശീലനവും അന്നുവരെ ലഭിക്കാതിരുന്ന ഞങ്ങൾ ഈ ബാസ്കറ്റ്ബോൾ ടീമിൽ അംഗമായതോടുകൂടി ശരീരഭാരം അഞ്ചു കിലോവരെ കുറഞ്ഞു. അവരുടെ ഭർത്താക്കന്മാർ സന്തോഷത്തോടെ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. എന്റെ ശരീരത്തിലെ കൊഴുപ്പ് കുറഞ്ഞ് ഞാനും സ്ലീം ആയി. അതുപോലെ ഞങ്ങളുടെ ടീമിലെ ഒരംഗം വിഷാദരോഗമുള്ള ആളായിരുന്നു. ആദ്യദിവസങ്ങളിൽ ഒറ്റപ്പെട്ടിരുന്ന അവർ പിന്നീട് ഞങ്ങളോടൊപ്പം കൂടുകയും ദിവസവും കായിക പരിശീലനത്തിലേർപ്പെട്ടതോടെ വളരെ സന്തോഷവതിയായി മാറുകയും ചെയ്തു. പരിശീലന കാലഘട്ടം അവസാനിക്കുമ്പോഴേക്കും നല്ല ചുറുചുറുക്കുള്ള ഒരു കളിക്കാരിയായി അവർ മാറിക്കഴിഞ്ഞിരുന്നു. അവരുടെ ഈ മാറ്റം ഭർത്താവിനും മക്കൾക്കും ഏറെ സന്തോഷം നൽകി. കൂടാതെ കൈമുട്ട് വേദന, കാൽമുട്ട് വേദന, ശ്വാസംമുട്ടൽ തുടങ്ങിയ പല രോഗങ്ങളിൽ നിന്നും വളരെ ആശ്വാസം ലഭിച്ചതായി ടീം അംഗങ്ങൾ എന്നോട് പറയാറുണ്ടായിരുന്നു. കളിക്കളത്തിൽ ഇറങ്ങുമ്പോൾ എല്ലാവർക്കും ഒരു മത്സരബുദ്ധിയാണ്. ഏറ്റവും നന്നായി കളിക്കണമെന്ന വാശി. ഇതിനിടയിൽ മറ്റു കാര്യങ്ങൾ ഓർക്കാൻ എവിടെ നേരം.



ലില്ലി ആന്റോ

അങ്ങനെ 2014 നവംബർ 27 ന് തൃശൂർ കേരളവർമ്മ കോളേജ് ഗ്രൗണ്ടിൽ ബഹുമാനപ്പെട്ട സാമൂഹ്യനീതി വകുപ്പ് മന്ത്രി മുനീർ സാർ കുടുംബശ്രീ ജില്ലാ കായിക മേള ഉദ്ഘാടനം ചെയ്തു. ബാസ്ക്കറ്റ് ബോൾ മത്സരത്തിൽ 5–0 എന്ന സ്കോർ നേടി ഞങ്ങൾ വിജയിച്ചു. കേരളവർമ്മ കോളേജ് ഗ്രൗണ്ടിൽ നൂറുകണക്കിന് കാണികളെ സാക്ഷിനിർത്തി കളിക്കുമ്പോൾ കളിക്കളത്തിൽ ഞാൻ അമ്പത്തിയേഴുകാരിയല്ല. പതിനേഴുകാരിയായി മാറുകയായിരുന്നു. പ്രായത്തെ മറന്നുകൊണ്ട് നാല് തവണ ബോൾ ബാസ്ക്കറ്റിലിട്ട് ടീമിന്റെ വിജയം ഉറപ്പാക്കാൻ എനിക്കു സാധിച്ചു. ഞാനറിയാത്തവർ പോലും അന്ന് ഹസ്തദാനം നൽകി എന്നെ അഭിനന്ദിച്ചു. ഇത്രയും സന്തോഷം എന്റെ ജീവിതത്തിൽ ഈ പ്രായത്തിനിടയിൽ കിട്ടിയിട്ടില്ല എന്ന് എനിക്ക് ഉറപ്പിച്ച് പറയാൻ സാധിക്കും. എനിക്കും ടീം അംഗങ്ങൾക്കും ഈ വിജയം നൽകിയ ആത്മവിശ്വാസം എത്ര വലുതാണെന്ന് പറയാൻ കഴിയില്ല.

പിന്നീട് പഞ്ചായത്തിൽ വച്ച് ഗംഭീരസ്വീകരണവും ട്രോഫിയും ലഭിച്ചു. അതിനുശേഷം ഞങ്ങൾ സിഡിഎസിൽ ഒരു സ്പോർട്സ് ക്ലബ് രൂപീകരിച്ചു. ഫുട്ബോൾ, വോളിബോൾ എന്നിവയിലും പ്രാക്ടീസ് ചെയ്തു തുടങ്ങി. ഇന്ന് മറ്റുള്ളവർക്കും ഞങ്ങൾ കോച്ചിംഗ് നൽകുന്നു. ഇനി അടുത്ത കായിക മേളയെ എതിരേൽക്കാൻ അന്നമനട സിഡിഎസ് ഒരുങ്ങിത്തുടങ്ങി. അപ്പോഴും വിജയത്തിൽ കുറഞ്ഞ് ഞങ്ങൾ ഒന്നും പ്രതീക്ഷിക്കുന്നില്ല. അതിനായി ആത്മവിശ്വാസത്തോടും ശുഭാപ്തി വിശ്വാസത്തോടും കൂടി നിരന്തര പരിശ്രമങ്ങളുമായി മുന്നോട്ടു പോവുകയാണ് ഞങ്ങൾ.

**തൃശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിലെ നൻമ കുടുംബശ്രീ അംഗവും സി.ഡി.എസ് വൈസ് ചെയർപേഴ്സണുമായ ലില്ലി ആന്റോയുടെ വിജയാനുഭവങ്ങളിൽ നിന്ന്**

# പാരാപ്ലീജിയ വന്നവർക്ക് തൊഴിൽ പരിശീലനം നൽകി

**പാ**രാപ്ലീജിയ മൂലം അരയ്ക്കു താഴെ തളർന്നവരുടെ പുനരധിവാസ തൊഴിലധിഷ്ഠിത പദ്ധതിയുടെ ഭാഗമായി പാലിയേറ്റീവ് കെയർ ഇനിഷ്യേറ്റീവ് ഇൻ കണ്ണൂരിന്റെ (പിക്) സഹകരണത്തോടെ കുടുംബശ്രീ ജില്ലാമിഷനും ഇന്ത്യൻ അസോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയർ കേരളയും ചേർന്നു കൂത്തുപറമ്പ് സ്നേഹസ്പർശം പാലിയേറ്റീവ് യൂണിറ്റിൽ പരിശീലന ശിൽപശാല നടത്തി. വാഷിങ്പൗഡർ, ഡിഷ് വാഷ്, ഹാൻഡ്‌വാഷ്, ഫിനോയിൽ, ഫ്ളോർ ക്ലീനർ, കുട എന്നിവയുടെ നിർമാണത്തിലാണു പരിശീലനം നൽകിയത്.

കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ എം.വി. പ്രേമരാജൻ ഉദ്ഘാടനം ചെയ്തു. കൂത്തുപറമ്പ് നഗരസഭാധ്യക്ഷ പത്മജ പത്മനാഭൻ മുഖ്യാതിഥിയായിരുന്നു.

പാലിയേറ്റീവ് ഇനിഷ്യേറ്റീവ് പ്രസിഡന്റ്സി. വിജയൻ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി സുനിൽ മാങ്ങാട്ടിടം, സി. അബ്ദുൽ കരീം, ടി. റീന, പി. വിജയൻ, ഫ്രാൻസിസ് എബ്രഹാം എന്നിവർ പ്രസംഗിച്ചു.

# കുടുംബശ്രീ യൂണിറ്റുകൾക്ക് മാച്ചിംഗ് ഗ്രാന്റ് വിതരണം ചെയ്തു

**തി**രുവനന്തപുരം ജില്ലയിൽ ബാലരാമപുരം പഞ്ചായത്തിൽ കുടുംബശ്രീയുടെ നൂറു യൂണിറ്റുകൾക്കു മാച്ചിംഗ് ഗ്രാന്റ് വിതരണം ചെയ്തു. ഗ്രാന്റിന്റെ വിതരണോദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് എം. രവീന്ദ്രൻ നിർവ്വഹിച്ചു. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ എസ്. സിന്ധുവിന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ വൈസ് പ്രസിഡന്റ് വി. സിന്ധു, സിഡിഎസ് ചെയർപേഴ്സൺ പ്രസന്നകുമാരി, വി.ഇ.ഒ മഹേഷ് കുമാർ, എം.ഇ. രാജേന്ദ്രനാചാരി മറ്റു പഞ്ചായത്തംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

പഞ്ചായത്തിന്റെ 20 വാർഡുകളിൽ നിന്നായി തെരഞ്ഞെടുത്ത നൂറു യൂണിറ്റുകൾക്കാണ് മാച്ചിംഗ് ഗ്രാന്റ് വിതരണം ചെയ്തത്. തൊഴിൽ സംരംഭങ്ങൾക്കായി കുടുംബശ്രീ യൂണിറ്റുകൾ എടുക്കുന്ന വായ്പയുടെ അടിസ്ഥാനത്തിലാണ് ഈ ഗ്രാന്റ് നൽകുന്നത്.

50,000 രൂപ എടുത്തിരിക്കുന്നതിനാൽ 5000 രൂപയുടെ ഗ്രാന്റാണ് ഓരോ യൂണിറ്റിനും നൽകിയത്. ഏറ്റവും നല്ല രീതിയിൽ സംരംഭങ്ങൾ നടത്തിക്കൊണ്ടുപോകുന്ന യൂണിറ്റുകളെയാണു ഇതിനായി തെരഞ്ഞെടുത്തത്.

# മീഡിയാശ്രീ പദ്ധതി

## തിരക്കഥാ ശിൽപശാലക്ക് ജില്ലകളിൽ തുടക്കമായി

### വയനാട്



മീഡിയശ്രീ ദ്വിദിന ശിൽപശാല ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് എൻ.കെ റഷീദ് ഉദ്ഘാടനം ചെയ്യുന്നു.

നാടിന്റെ കഥയെഴുതാനും ചരിത്രം, വർത്തമാനം, തുടങ്ങിയവ രേഖപ്പെടുത്താനും ചിത്രീകരണം നടത്താനും കുടുംബശ്രീ പ്രവർത്തകരെ സജ്ജരാക്കാനായി മീഡിയശ്രീക്ക് തുടക്കം.

കുടുംബശ്രീ ആവിഷ്കരിച്ച നൂതന പദ്ധതിയായ മീഡിയശ്രീയുടെ ജില്ലാതല ദ്വിദിന ശിൽപശാല വയനാട്ടിൽ സംഘടിപ്പിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനവും കുടുംബശ്രീയും സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്.

തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് അംഗങ്ങളും സി.ഡി.എസ് ചെയർപേഴ്സൺമാരുമാണ് ദ്വിദിന ശിൽപശാലയിൽ പങ്കെടുക്കുന്നത്. സ്വന്തം പഞ്ചായത്തിനെ കുറിച്ച് സി.ഡി.എസ് പ്രതിനിധികൾ ശേഖരിച്ച ഡാറ്റകൾ ഉപയോഗിച്ച് ഡോക്യുമെന്ററി ചിത്രങ്ങൾക്കാവശ്യമായ തിരക്കഥ തയ്യാറാക്കുകയാണ് ശിൽപശാലയുടെ ലക്ഷ്യം. ആദ്യ ഘട്ടത്തിൽ പഞ്ചായത്ത് പ്രസിഡണ്ട്മാർക്കും സെക്രട്ടറിമാർക്കും പദ്ധതിയുടെ ഭാഗമായി ഏകദിന പരിശീലനം നൽകിയിരുന്നു.

പരിശീലനത്തിന്റെ ഭാഗമായി തയ്യാറാക്കുന്ന തിരക്കഥയുപയോഗിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും ഡോക്യുമെന്ററി ചിത്രങ്ങളായിപുറത്തിറങ്ങുന്നതോടെ മീഡിയശ്രീയുടെ ആദ്യ ഘട്ടം അവസാനിക്കും.

തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾക്ക് ക്യാമറ, ടെലിവിഷൻ ഗ്രാഫിക്സ്, എഡിറ്റിംഗ് എന്നിവയിൽ നൈപുണി പരിശീലനം നൽകിയ ശേഷം ഇവരെ തൊഴിൽ ഗ്രൂപ്പാക്കി മാറ്റുന്ന 'ഫെയിംശ്രീ' യാണ് അടുത്ത ഘട്ടം.

കോഴിക്കോട് സൗത്ത് ഏഷ്യൻ കോളേജുമായി സഹകരിച്ചാണ് മീഡിയാശ്രീ പരിശീലന പരിപാടി നടപ്പാക്കുന്നത്.

മീഡിയശ്രീ ദ്വിദിന ശിൽപശാല ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് എൻ.കെ റഷീദ് ഉദ്ഘാടനം ചെയ്തു. തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ലിസി ജോസ് അധ്യക്ഷത വഹിച്ചു. മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് ജിനിബെന്നറ്റ്, കുടുംബശ്രീ അസിസ്റ്റന്റ് മിഷൻ കോ ഓർഡിനേറ്റർ ടി.എൻ ശോഭ പ്രസംഗിച്ചു. കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ പി.പി. മുഹമ്മദ് സ്വാഗതവും മീഡിയശ്രീ ജില്ലാ പ്രോഗ്രാം കോ ഓർഡിനേറ്റർ സിഗാൾ തോമസ് നന്ദിയും പറഞ്ഞു.

എസ്.എ.സി സി.ഇ.ഒ കെ.കെ. ദീപ്തീഷ്, അപർണറാം, ഇജാസ് ഹസൻ, എം.എം സജീന്ദ്രൻ പരിശീലനത്തിന് നേതൃത്വം നൽകി.

### കണ്ണൂർ



കണ്ണൂരിൽ സംഘടിപ്പിച്ച മീഡിയാശ്രീ ദ്വിദിന ശിൽപശാലയിൽ പങ്കെടുത്ത കുടുംബശ്രീ വനിതകൾ

കുടുംബശ്രീയും കോഴിക്കോട് സൗത്ത് ഏഷ്യൻ കോളേജും സംയുക്തമായി നടപ്പാക്കുന്ന മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായുള്ള ദ്വിദിന ശിൽപശാല കണ്ണൂരിൽ കാഞ്ഞിരങ്ങാട് ഇൻഡോർ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ചു.

കണ്ണൂർ ജില്ലയിലെ സി.ഡി.എസ് ചെയർപേഴ്സൺമാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഒരു വനിതാ പ്രതിനിധിയുമടങ്ങുന്ന ടീമാണ് ഓരോ പഞ്ചായത്തിൽ നിന്നും ശിൽപശാലയിൽ പങ്കെടുത്തത്. ജില്ലയിലെ 87 പഞ്ചായത്തുകൾക്ക് രണ്ടു ബാച്ചുകളിലായി രണ്ടു ദിവസം വീതമാണ് പരിശീലനം നൽകിയത്.

ജില്ലാമിഷൻ കോ-ഓർഡിനേറ്റർ എം.വി പ്രേമരാജൻ പദ്ധതിയെ കുറിച്ച് വിശദീകരിച്ചു. അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ സി.ഉസ്മാൻ കൃതജ്ഞത അറിയിച്ചു.



കണ്ണൂരിൽ സംഘടിപ്പിച്ച മീഡിയാശ്രീ ദ്വിദിന ശിൽപശാലയിൽ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ എം.വി പ്രേമരാജൻ പദ്ധതിയെ കുറിച്ച് വിശദീകരിക്കുന്നു

# കുടുംബശ്രീ മാതൃക എത്യോപ്യയിലേക്ക്



കുടുംബശ്രീ മാതൃക എത്യോപ്യയിൽ നടപ്പാക്കുന്നു. എത്യോപ്യൻ സർക്കാർ ദാരിദ്ര്യ നിർമാർജനത്തിനായി സഹായം ആവശ്യപ്പെട്ടതിനെ തുടർന്നാണ് നടപടി.

പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി പ്രാരംഭ പ്രവർത്തനം എന്ന നിലയിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി വത്സലകുമാരി, നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ സി ഒ ഒ ലിബി ടി ജോൺസൺ, എം.കെ.എസ് പി റീജിയണൽ കോ-ഓർഡിനേറ്റർ രാഹുൽ കൃഷ്ണൻ തുടങ്ങിയവർ എത്യോപ്യ സന്ദർശിച്ചിരുന്നു.

രണ്ടു ദിവസത്തെ ശിൽപശാലയുടെ ഭാഗമായിട്ടായിരുന്നു സന്ദർശനം. വിവിധ വകുപ്പ് മന്ത്രിമാരുമായും സ്ത്രീകളുടെയും കുട്ടികളുടെയും വികസനം ലക്ഷ്യമിട്ടു പ്രവർത്തിക്കുന്ന വിഭാഗമേധാവികളുമായും ചർച്ച നടത്തി. ആദ്യ ഘട്ടത്തിൽ പരീക്ഷണാടിസ്ഥാനത്തിലാണ് പദ്ധതി നടപ്പാക്കുക.

പദ്ധതി നടപ്പാക്കുന്നതിനായി എത്യോപ്യൻ സർക്കാർ കുടുംബശ്രീയുമായി ധാരണാപത്രത്തിൽ ഒപ്പു വയ്ക്കും. ധാരണാപത്രത്തിന്റെ കരട് കുടുംബശ്രീയിൽ അതിവേഗം തയ്യാറായിക്കൊണ്ടിരിക്കുകയാണ്. കുടുംബശ്രീയുമായി ബന്ധപ്പെട്ട എല്ലാ നല്ല പ്രവർത്തനങ്ങളും എത്യോപ്യയിൽ നടപ്പാക്കത്തക്ക വിധത്തിലായിരിക്കും ധാരണാപത്രം.

കുടുംബശ്രീയുടെ പ്രവർത്തനം മനസിലാക്കുന്നതിനായി എത്യോപ്യൻ സംഘം രണ്ടുതവണ കേരളത്തിൽ സന്ദർശനം നടത്തിയിരുന്നു. ഇതേതുടർന്നാണ് എക്സിക്യൂട്ടീവ് ഡയറക്ടർ എത്യോപ്യയിൽ പോയത്.

# ഊരിൽ ഒരു ദിവസം: പട്ടിക വർഗ പ്രത്യേക അദാലത്ത്



ഊരിൽ ഒരു ദിവസം പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം ജില്ലാ കലക്ടർ എസ്. ഹരികിഷോർ ഉദ്ഘാടനം ചെയ്യുന്നു

പത്തനംതിട്ട ജില്ലയിലെ പട്ടിക വർഗ ഊരുകളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്തിന് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പാക്കുന്ന ഊരിൽ ഒരു ദിവസം പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം അരുവാപ്പുലം ഗ്രാമപഞ്ചായത്തിലെ ആവണിപ്പാറ പട്ടികവർഗ കോളനിയിൽ ജില്ലാ കലക്ടർ എസ്. ഹരികിഷോർ ഉദ്ഘാടനം ചെയ്തു. അരുവാപ്പുലം ഗ്രാമപഞ്ചായത് പ്രസിഡന്റ് ദീപ സനോജ് അധ്യക്ഷത വഹിച്ചു.

ജില്ലയിലെ പട്ടികവർഗ ഊരുകളിലെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് വിവിധ വകുപ്പുകളുടെയും പഞ്ചായത്തുകളുടെയും കൂട്ടായ സഹകരണവും ഇടപെടലുകളും ഉറപ്പാക്കുമെന്ന് കലക്ടർ പറഞ്ഞു. അടിസ്ഥാന സൗകര്യങ്ങളായ വീട്, കുടിവെള്ളം, വൈദ്യുതി എന്നിവ കോളനി നിവാസികൾക്ക് ലഭ്യമാക്കുന്നതിനോടൊപ്പം സർക്കാർ സേവനങ്ങൾ ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനുള്ള പരിഹാരമാർഗങ്ങളും കണ്ടെത്തുമെന്ന് കലക്ടർ വ്യക്തമാക്കി.

കുടുംബശ്രീ ഊരുകളിൽ നടത്തിയ സൂക്ഷ്മതല ആസൂത്രണ പ്രക്രിയയുടെ ഭാഗമായി നിരവധി പ്രശ്നങ്ങൾ കണ്ടെത്തയതിനെ തുടർന്നാണ് കുടുംബശ്രീ ജില്ലാമിഷൻ, ജില്ലാ ഭരണകൂടം, പട്ടികവർഗ വികസന വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ ഊരിൽ ഒരു ദിവസം പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചത്. ജില്ലയിലെ 40 പട്ടികവർഗ കോളനികളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന 10 പട്ടിക വർഗ കോളനികൾ ഊരിൽ ഒരു ദിവസം പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ വകുപ്പുകളുടെ സഹായത്തോടെ അടിസ്ഥാന സൗകര്യ വികസനം, വരുമാന വർദ്ധനവിവനുള്ള പ്രവർത്തനങ്ങൾ, ആരോഗ്യ-വിദ്യാഭ്യാസ പ്രവർത്തനങ്ങൾ എന്നിവ ഊരുകളിൽ സംഘടിപ്പിക്കും.

കുടുംബശ്രീ, ജില്ലാ ഭരണകൂടം, പട്ടികവർഗം, മൃഗസംരക്ഷണം, ജലവിഭവം, പൊതുമരാമത്ത്, പഞ്ചായത്ത്, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകളുടെയും കെ.എസ്.ഇ.ബി, ഐ.സി.ഡി.എസ്, വില്ലേജ് ഓഫീസ്, കോന്നി ഫോറസ്റ്റ് ഡിവിഷൻ എന്നീ വിഭാഗങ്ങളും അദാലത്തിൽ പങ്കെടുത്തു. അദാലത്തിന്റെ ഭാഗമായി ജില്ലാ കലക്ടറുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥ സംഘം ഊരിലെ വീടുകളും അംഗൻവാടിയും സന്ദർശിച്ചു.

അദാലത്തിന്റ ഭാഗമായി ആവണിപ്പാറയിൽ മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചു. കോന്നി മൊബൈൽ യൂണിറ്റ്, കൊക്കാത്തോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിലുള്ള മെഡിക്കൽ ടീം എന്നിവ സംയുക്തമായാണ് ക്യാമ്പ് നടത്തിയത്. മൂന്നു ഡോക്ടർമാർ ഉൾപ്പെടുന്ന പന്ത്രണ്ടംഗ സംഘമാണ് മെഡിക്കൽ ക്യാമ്പിലുണ്ടായിരുന്നത്. കൊച്ചുകുട്ടികൾക്കും മുതിർന്നവർക്കും ഒരേ പോലെ പ്രയോജനപ്പെടുന്നതായിരുന്നു ക്യാമ്പ്.

കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ എസ്. സാബിർ ഹുസൈൻ സ്വാഗത പ്രസംഗം നടത്തി. ജില്ലയിലെ പട്ടികവർഗ മേഖലയിൽ കുടുംബശ്രീ, ജില്ലാ ഭരണകൂടം, പട്ടികവർഗ വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ നടത്തുന്ന പുതിയ ഇടപെടലുകൾക്ക് ആശംസ അറിയിച്ചുകൊണ്ടുള്ള റവന്യൂ-കയർ വകുപ്പ മന്ത്രി അടൂർ പ്രകാശിന്റെ സന്ദേശം പഞ്ചായത്ത് പ്രസിഡന്റ് ദീപ സനോജ് വായിച്ചു.

# ആലപ്പുഴ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ പൊതുജനസേവനത്തിന് കുടുംബശ്രീ ഹെൽപ് ഡെസ്കുകൾ

ആലപ്പുഴ ജില്ലയിൽ ജീവനക്കാരുടെ ക്ഷാമം മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ഇനി ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ കുടുംബശ്രീ പ്രവർത്തകരുടെ സഹായമെത്തും. നിലവിൽ പഞ്ചായത്ത് ഓഫീസുകളിൽ പ്രവർത്തിക്കുന്ന ഫ്രണ്ട് ഓഫീസിനെ സഹായിക്കുന്ന തരത്തിൽ കുടുംബശ്രീ ഹെൽപ് ഡെസ്കുകൾ ആരംഭിക്കുന്നു. ജില്ലയിലെ ആദ്യ ഹെൽപ് ഡെസ്ക് ചുനക്കരയിൽ പ്രവർത്തനം ആരംഭിക്കും.

പഞ്ചായത്തിലെ വിവിധ സേവനങ്ങളെ കുറിച്ച് പൊതുജനങ്ങൾക്ക് അറിവു നൽകുക, ഫോറങ്ങൾ പൂരിപ്പിക്കാൻ സഹായിക്കുക തുടങ്ങിയവയാണ് ഹെൽപ് ഡെസ്കിന്റെ പ്രധാന ചുമതല. ഡി.ടി.പി, ഫോട്ടോസ്റ്റാറ്റ്, ഇന്റർനെറ്റ്, സ്റ്റാമ്പ് വിൽപന എന്നിവയെല്ലാം ഈ കേന്ദ്രത്തിൽ ലഭ്യമാകും. കൂടാതെ വിവിധ സർക്കാർ ഓഫീസുകളിലേക്കുള്ള ബില്ലുകളും ഈ കേന്ദ്രത്തിലൂടെ അടയ്ക്കാനാകും. പഞ്ചായത്ത് ജനസേവനകേന്ദ്രം എന്നായിരിക്കും ഈ ഹെൽപ് ഡെസ്കുകൾ അറിയപ്പെടുക.

ജില്ലയിലെ 73 ഗ്രാമപഞ്ചായത്തുകളിലും കുടുംബശ്രീ ഹെൽപ് ഡെസ്കുകൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഓരോ പഞ്ചായത്തിലെയും ഹെൽപ് ഡെസ്കുകൾ പ്രവർത്തിപ്പിക്കുന്നതിനായി കുടുംബശ്രീ 730 പ്രവർത്തകരുടെ പട്ടിക തയ്യാറാക്കി ഗ്രാമപഞ്ചായത്തുകൾക്ക് സമർപ്പിച്ചിട്ടുണ്ട്. 10 പേരുടെ പട്ടികയാണ് ഓരോ പഞ്ചായത്തിനും നൽകിയിട്ടുള്ളത്. ഇതിൽ നിന്നും അഞ്ചു പേരെ പഞ്ചായത്തുകൾ തന്നെ തിരഞ്ഞെടുത്താണ് ഹെൽപ് ഡെസ്കിൽ നിയമിക്കുക. 18നും 45നും ഇടയിൽ പ്രായമുള്ള എസ്.എസ്.എൽ.സി യോഗ്യതയുള്ളവർക്കാണ് നിയമനം ലഭിക്കുക. അഞ്ചുപേരിൽ മൂന്നു പേർ പ്ള്സ് ടു, ഡി.സി.എ, മലയാളം ടൈപ്പിങ്ങിൽ പരിജ്ഞാനം എന്നിവയുള്ളവരായിരിക്കണം.

ജീവനക്കാരുടെ ക്ഷാമം മൂലം ഫ്രണ്ട് ഓഫീസുകളുടെ പ്രവർത്തനം മന്ദഗതിയിലായതാണ് കുടുംബശ്രീ ഹെൽപ് ഡെസ്ക് തുടങ്ങാൻ സർക്കാറിനെ പ്രേരിപ്പിച്ചത്. ഫ്രണ്ട് ഓഫീസിനെ സഹായിക്കാനെന്ന നിലയ്ക്കാണ് ഇതിന്റെ പ്രവർത്തനം ആദ്യം തീരുമാനിച്ചിരുന്നത്. എന്നാൽ ജനോപകാരപ്രദമാകുന്നതു കൊണ്ടാണ് ഇൻർനെറ്റ്, ഡി.ടി.പി സംവിധാനങ്ങൾ കൂടി ഏർപ്പെടുത്തുന്നത്.

### ഹെൽപ് ഡെസ്കിനൊപ്പം ലഘുഭക്ഷണശാലയും

പഞ്ചായത്തുകളിൽ ഹെൽപ് ഡെസ്ക് തുടങ്ങുന്നതിനു പുറമേ ലഘുഭക്ഷണശാല ആരംഭിക്കാനും കുടുംബശ്രീക്ക് പദ്ധതിയുണ്ട്. ഇതിനുള്ള സ്ഥലസൗകര്യങ്ങൾ ലഭ്യമായാൽ ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനത്തിന് തടസം വരാത്ത രീതിയിൽ ഇവയുടെ പ്രവർത്തനം നടത്താനാണ് നിർദേശം.

കുടുംബശ്രീ വാർത്താപത്രിക

# നിർവചിക്കപ്പെട്ട സ്ത്രീത്വത്തിൽ വേണം ചില തിരുത്തലുകൾ

**ഉമൈബാൻ. എം.പി**
ജെൻഡർ റിസോഴ്സ് പേഴ്സൺ
കോ–ഓർഡിനേറ്റർ
കുടുംബശ്രീ, കോഴിക്കോട്

നമ്മുടെ മഹത്തായ ഭരണഘടനയിലും മറ്റുനിയമങ്ങളിലും സ്ത്രിക്ക് നൽകുന്ന അവകാശങ്ങളെ കുറിച്ചും ചുമതലകളെ കുറിച്ചും സാധാരണക്കാരായ ഓരോ സ്ത്രിക്കും അവബോധം ഉണ്ടാക്കുക എന്നലക്ഷ്യം മുൻനിർത്തി കുടുംബശ്രീ നടപ്പാക്കുന്ന പദ്ധതിയാണ് സ്ത്രീപദവി സ്വയം പഠനപ്രക്രിയ. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ച് വരുന്ന ഈ സാഹചര്യത്തിൽ പദ്ധതിയിലൂടെ ഏറ്റെടുത്ത് ചെയ്യുന്ന പ്രവർത്തനങ്ങൾ നിരവധിയാണ്.



സമൂഹത്തിൽ സ്ത്രീയുടെ പദവി ഉയർന്നിട്ടുള്ളതിന്റെ ഉദാഹരണമാണ് പൊതുമണ്ഡലങ്ങളിൽ വർദ്ധിച്ചു വരുന്ന സ്ത്രികളുടെ പ്രാതിനിധ്യം. ഇത് കുടുംബശ്രീ പ്രവർത്തനങ്ങളുടെ ഒരു മുതൽക്കൂട്ടാണ്. സമൂഹത്തിൽ സ്ത്രീകൾക്കുണ്ടാകുന്ന വിവേചനങ്ങളും അതിക്രമങ്ങളും ഒരുപരിധിവരെ മനസ്സിലാക്കാനും, അവയ്ക്കെതിരെ പ്രതിരോധിക്കുന്നതിനും അഃുവഴി സമൂഹത്തിൽ ചെറുത്തുനിൽപ്പിന്റെ പ്രതീകങ്ങളായിമാറാനും ഓരോ സ്ത്രീക്കും കഴിയേണ്ടതായിട്ടുണ്ട്. സ്വാതന്ത്യം തന്റെ ജന്മവകാശമാണ് എന്ന് ഓരോ ഇന്ത്യക്കാരനും അവകാശപ്പെടുമ്പോഴും അവകാശനിഷേധവും സ്വാതന്ത്യമില്ലായ്മയും സ്ത്രീകൾ വീട്ടിനുള്ളിൽ പോലും അനുഭവിച്ച് കൊണ്ടിരിക്കുന്നു എന്നത് ഒരു വസ്തുതയാണ്. സ്ത്രീകൾ വീട്ടിനുള്ളിൽ പോലും സുരക്ഷിതരല്ലാത്തതിന്റെ ഒരു പ്രധാന കാരണം സ്ത്രീകൾക്ക് തങ്ങളുടെ അവകാശങ്ങളെക്കുറിച്ചോ സ്ത്രീസുരക്ഷാ നിയമങ്ങളെ കുറിച്ചോ പൊതുസമൂഹം ബോധവാൻമാരല്ല എന്നതുകൊണ്ടാണ്. സ്ത്രീയുടെ അവകാശങ്ങളെ കാറ്റിൽ പറത്തിയുള്ള പുരുഷാധിപത്യം സമൂഹത്തിലും കുടുംബത്തിലും തുടച്ച് മാറ്റി ലിംഗസമത്വം പരിപൂർണതയിലേക്ക് എത്തിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല എന്നതിന്റെ പ്രത്യക്ഷത്തിലുള്ള ഉദാഹരണങ്ങളാണ് ദൈനംദിന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ അവ തുറന്ന് പറയുന്നതിനുള്ള ആർജവം സ്ത്രീകളിൽ നാമ്പെടുത്തു തുടങ്ങിയിട്ടുണ്ട്. അഥവാ പ്രതികരണശേഷി ഉണ്ടാക്കിയെടുക്കാൻ ശാക്തീകരണ പ്രവർത്തനങ്ങൾ സഹായകമായിട്ടുണ്ട്. സ്ത്രീകൾക്ക് പൊതുമണ്ഡലത്തിലേക്കോ, സാമൂഹിക സാമ്പത്തിക രംഗങ്ങളിലേക്കോ കടന്ന് വരുന്നതിനോ എന്തിന് സഞ്ചാരസ്വാതന്ത്യം പോലും നിഷേധിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ പുരുഷാധികാരത്തിൽ അധിഷ്ഠിതമായി സമൂഹം സ്ത്രീകൾക്ക് വിലക്ക് സൃഷ്ടിക്കുന്നു എന്ന് കാണാം. തൊഴിൽ പങ്കാളിത്തത്തിനോ തീരുമാനമെടുക്കൽ പ്രക്രിയകളിലോ അവസരം നൽകാതെ അടിമയാക്കി വെറും വീട്ടുജോലിക്കാരിയെ പോലെ തളച്ചിടപ്പെട്ട ഒരുപറ്റം സ്ത്രീകളെ നമുക്കിന്നും സമൂഹത്തിൽ കാണാൻ കഴിയുന്നു. അലിഖിത നിയമങ്ങളുടെ അദൃശ്യ ബന്ധനത്തിൽ കഴിയുന്ന താഴേതട്ടിലെ ഓരോസ്ത്രീക്കും തിരിച്ചറിവ് ഉണ്ടാക്കിയെടുത്ത് അവളെ മുഖ്യധാരയിലേക്ക് കൊണ്ടുവരേണ്ടത് അത്യന്താപേഷിതമാണ്.

സ്ത്രീസമൂഹത്തിന്റെ നേർക്കുള്ള വിലക്കുകളും അവളുടെ കാഴ്ചപ്പാടുകളും മാറി വരികയും ഇത്തരം മാറ്റങ്ങൾ സമൂഹത്തിന്റെ ഭാഗമായി തീർന്നിട്ടുമുണ്ട്. ഈ വസ്തുത ലിംഗസമത്വത്തിൽ നിന്നും സംസ്കാരിക സമത്വത്തിലേക്ക് എന്ന രീതിയിൽ കുടുംബശ്രീയുടെ സ്ത്രീസൗഹൃദ പ്രവർത്തനങ്ങളിൽ നമുക്ക് കാണാൻ കഴിയുന്നു എന്നത് അഭിനന്ദനാർഹമാണ്. ക്രമേണ മാറി വരുന്ന ഈ സമൂഹത്തിൽ തികച്ചും സ്ത്രീസൗഹൃദ ഇടം സൃഷ്ടിക്കാൻ സ്ത്രീക്ക് കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. ഇത്തരം പ്രവർത്തനങ്ങൾ പുരുഷാധിപത്യ ലോകത്തിന് അല്ലെങ്കിൽ പുരുഷാധികാരത്തിന് ഇളക്കം തട്ടാൻ കാരണമായി തീരുമെന്നതിൽ സംശയമില്ല.

ദിനം പ്രതി കണ്ടുവരുന്ന പത്രവാർത്തകളിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നു. വൃദ്ധരായ സ്ത്രീകൾക്ക് പോലും വീട്ടുനുള്ളിൽ നിർഭയരായി ജീവിക്കാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു. സ്ത്രീ ഉപഭോഗ വസ്തുവല്ല തന്റെ സഹജീവിയാണ് എന്ന അവബോധം പൊതുസമൂഹത്തിൽ സൃഷ്ടിക്കേണ്ടതുണ്ട്. സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്ന ഒരു ഭരണവ്യവസ്ഥ നിലനിൽക്കുമ്പോഴും അതിന്റെ പരിപൂർണതയിലേക്ക് ഇനിയും എത്തേണ്ടിയിരിക്കുന്നു. സമൂഹത്തിലെ അവസാനത്തെ സ്ത്രീയും ശാക്തീകരിക്കപ്പെട്ടിരിക്കുന്നു എന്ന രീതിയിലേക്ക് ശാക്തീകരണപ്രവർത്തനങ്ങൾ നടക്കേണ്ടതാണ്.

സ്ത്രീയുടെ മനസിന് പിന്തുണാ സംവിധാനത്തിലൂടെ പ്രതികരണശേഷി ഉണ്ടാക്കിയെടുക്കേണ്ടതാണ്. പുരുഷാധിപത്യ സമൂഹത്തിൽ സ്ത്രീപദവി ഉയരുമ്പോൾ അവളുടെ അവകാശവും സംരക്ഷണവും സുരക്ഷിതവും പൊതുസമൂഹത്തിന്റെ കൂടെ കടമയും ചുമതലയും ആയി മാറുന്നു. സാമൂഹ്യസുരക്ഷ ലിംഗ വ്യത്യാസമില്ലാതെ ജനാധിപത്യലോകത്തിന് അത്യന്താപേക്ഷിതമാണ്.

കേരളത്തിൽ നടപ്പാക്കിയ സാമൂഹിക പരിഷ്കാരങ്ങൾ എല്ലാംതന്നെ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട് ഇവ ലോകത്തിന് മാതൃകയാണെങ്കിലും ഇന്നും സ്ത്രീയും പുരുഷനും തമ്മിലുള്ള അധികാരബന്ധത്തിൽ ഉള്ള വ്യത്യാസം എല്ലാമേഖലയിലും തുടരുന്നു. ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹികമായ മേഖലകളിൽ സ്ത്രീകൾ ഇടപ്പെടുമ്പോൾ ആചാരങ്ങളുടേയും അനുഷ്ഠാനങ്ങളുടെയും പേര് പറഞ്ഞ് പലയിടങ്ങളിലും സ്ത്രീകൾക്ക് പങ്കെടുക്കാൻ കഴിയാതെ വരികയും ജീവിതാവസാനം വരെ മറ്റുള്ളവരുടെ ആശ്രിതയായി കഴിയേണ്ടി വരികയും ചെയ്യുന്ന അവസ്ഥയാണുള്ളത്. ജനാധിപത്യ വ്യവസ്ഥിതിയിലെ ഭരണാഘടനാപരമായ അവകാശങ്ങളും സംരക്ഷണവും ഉറപ്പാക്കുന്ന രീതിയിൽ അധികാരഘടന പങ്കു വയ്ക്കപ്പെടേണ്ടത് അത്യാവശ്യമാണ്. സമ്പത്തിന്റെ മുഴുവൻ ഉടമസ്ഥതയും പുരുഷനിൽ നിക്ഷിപ്തമായിരിക്കുന്നതു കൊണ്ടും സ്ത്രീക്ക് സ്വന്തമായി വരുമാനം ഇല്ലാത്തതും, പരമ്പരാഗതമായി കൈമാറിയ മിത്തുകളും, ചുമതലകളിലെ വേർതിരിവുകളും, സ്ത്രീയുടെ പിന്നോക്കാവസ്ഥക്ക് പ്രധാന കാരണങ്ങൾ തന്നെയാണ്. അധികാരത്തിന്റെ കടന്ന് കയറ്റം മൂലം തളച്ചിടപ്പെട്ട സ്ത്രീത്വത്തിന്റെ വ്യത്യസ്തമുഖങ്ങൾ കാണാൻ കഴിയുന്ന ഖേദകരമായ അവസ്ഥയാണ് കേരളത്തിൽ നിലനിൽക്കുന്നത്. അധികാരം എന്നതിൽ പുരുഷാധിപത്യം മാത്രമല്ല. അതേ ആധിപത്യം സ്ത്രീ സ്ത്രീയുടെ മേലിലും അടിച്ചേൽപ്പിക്കുന്ന അവസ്ഥ നിലനിൽക്കുന്നു. ഇത്, സാമൂഹിക വ്യവസ്ഥയിൽ പറഞ്ഞ് പഠിപ്പിച്ച അല്ലെങ്കിൽ ഉണ്ടാക്കിയെടുത്ത വെറും അന്തരം മാത്രമാണിത്. സ്ത്രീ സ്ത്രീയുടെ ശത്രുവല്ല എന്ന് മാറി ചിന്തിക്കുന്നതിനുള്ള സാഹചര്യങ്ങൾ അവൾക്ക് ലഭ്യമാകണം. ഇതിനായി ഗ്രൂപ്പ് ചർച്ചകൾ, ഗ്രൂപ്പ് പ്രവർത്തനങ്ങൾ എന്നിവ സാധ്യമാക്കിക്കൊണ്ട് ഇത്തരം വ്യവസ്ഥിതിയിൽ സാമൂഹിക ഇടപ്പെടൽ നടത്തി ജനകീയമാക്കേണ്ടതാണ്.

സ്ത്രീക്കും പുരുഷനും തുല്യപദവിയും, അംഗീകാരവും ഒരുക്കേണ്ട ഇടങ്ങളിൽ പുരുഷാധിപത്യം സ്ത്രീയെ അടിമയായി ചിത്രീകരിക്കുന്നു. പഴയ പ്രതാപത്തിലേക്ക് സ്ത്രീയെ കൊണ്ടുവരുന്നതിൽ സ്ത്രീക്ക് പ്രായോഗിക ജ്ഞാനവും പൊതുവിജ്ഞാനവും നൽകേണ്ടതാണ്. കായിക ബലം കൂടുതൽ പുരുഷനാണെന്ന് ഉള്ള മിഥ്യാധാരണയും നിലനിൽക്കുന്നു. ചരിത്രം പരിശോധിക്കുമ്പോൾ ഇക്കാര്യത്തിൽ സ്ത്രീ ഒട്ടും പിറകിലല്ല എന്ന് കാണാം. അവസരം, അറിവ്, സാഹചര്യം, എന്നീ ഘടകങ്ങൾ ലഭ്യമായി തുടങ്ങിയതോടെ സ്ത്രീ പദവിയിലും സഞ്ചാരസ്വാതന്ത്യത്തിലും ഇളക്കം ഉണ്ടായിട്ടുണ്ട്.

സ്ത്രീയും പുരുഷനും ഒരുമിച്ചു ചെയ്യേണ്ട ചുമതലകൾ സ്ത്രീക്ക് സ്വന്തമായി മാറിയതും 24 മണിക്കൂറും വരുമാനമില്ലാതെ വീട്ടുജോലികൾ സ്ത്രീമാത്രം ഏറ്റെടുക്കേണ്ടിവന്നതും മാത്രമല്ല അംഗീകാരമില്ലാത്ത അവസ്ഥയിൽ സ്ത്രീ നിലനിൽക്കേണ്ടി വരികയും ചെയ്യുന്നു. സ്ത്രീകളിലേക്ക് മാത്രമായി ഏൽപ്പിക്കപ്പെടുന്ന ഈ ചുമതലകളിലെ വേർതിരിവിലൂടെ ലിംഗസമത്വം എത്രമാത്രം പ്രാവർത്തികമാണെന്ന് പരിശോധിക്കപ്പെടുമ്പോൾ അദൃശ്യബന്ധനങ്ങളാൽ ചലനാത്മകത നിഷേധിക്കപ്പെടുന്നു എന്ന് കാണാം. ഇതിന്റെ കാരണക്കാർ പുരുഷനല്ല എന്നും കാലാകാലങ്ങളായി സമൂഹത്തിൽ ശീലിച്ചു പോന്ന അലിഖിതനിയമങ്ങളാണ് എന്നുമുള്ള തിരിച്ചറിവാണ് സമൂഹത്തിനുണ്ടാകേണ്ടത്. മനോഭാവത്തിലും കാഴ്ചപ്പാടിലുമാണ് മാറ്റം ഉണ്ടാകേണ്ടത്. സ്ത്രീയുടെ ജനനം മുതൽ അരുതായ്മകൾ തിരുകി ചേർത്ത സമൂഹത്തിൽ അർത്ഥവത്തായ ഒരു പൊളിച്ചെഴുത്ത് അത്യാവശ്യമാണ്. അധികാരത്തിന്റ ചങ്ങലകളാൽ തളച്ചിടപ്പെട്ട സ്ത്രീത്വത്തിന് അല്ലെങ്കിൽ സ്ത്രീയുടെ മനസിന് പിന്തുണാ സംവിധാനത്തിലൂടെ പ്രതികരണശേഷി ഉണ്ടാക്കിയെടുക്കണം.

വീടിനുള്ളിലും പൊതുഇടങ്ങളിലും തൊഴിലിടങ്ങളിലും സ്ത്രീകൾ അനുഭവിക്കുന്ന നിരവധി പീഡനങ്ങളും ചൂഷണങ്ങളും ഈ വൈരുദ്ധ്യത്തെ തുറന്നു കാണിക്കുന്നു. സാമൂഹികം , ശാരീരികം, മാനസികം, വൈകാരികം, ലൈംഗികം എന്നീ പീഡനങ്ങൾക്കാണ് സ്ത്രീകൾ ഇരയാകുന്നത്. അവകാശനിഷേധങ്ങൾ അതിക്രമങ്ങൾ ആണ് എന്നുള്ള തിരിച്ചറിവ് ഓരോ സ്ത്രീക്കും ഉണ്ടാക്കേണ്ടതായിരിക്കുന്നു. അതിക്രമങ്ങളെ കുറിച്ചുള്ള പഠനങ്ങൾ സ്ത്രീകൾ തൊഴിലിടങ്ങളിലും വീടുകളിലും പൊതു ഇടങ്ങളിലും സുരക്ഷിതരല്ല എന്ന് കാണിക്കുന്നു. സ്ത്രീകൾ ഏറ്റവും കൂടുതൽ അതിക്രമത്തിന് ഇരയാകുന്നത് രാപ്പകൽ ഭേദമന്യേ യാത്രവേളകളിലും ,അപരിചിതരിൽ നിന്നും പൊതുസ്ഥലങ്ങളിൽ നിന്നും ആണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. മാത്രമല്ല മദ്യപാനം സ്ത്രീകൾക്കെതിരെയുള്ള അതിക്രമത്തിന് ഒരു പ്രധാന കാരണമാണ്. കുടുംബശ്രീ ക്രൈം മാപ്പിഗിലൂടെ ഒരു സാമൂഹ്യ വിപത്തായി മദ്യപാനം മാറിയെന്ന് അടിവരയിട്ടു വ്യക്തമാക്കിയിരിക്കുന്നു

ജില്ലയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള മുഴുവൻ അതിക്രമങ്ങളും തരം തരിച്ച് അവയ്ക്ക് വേണ്ട തുടർനടപടികൾ എല്ലാവിധ സർക്കാർ വകുപ്പുകളിൽ നിന്നും ഉണ്ടാവേണ്ടതാണ്. സാമ്പത്തിക ഭദ്രതയും, സമ്പത്തിന്റെ ഉടമസ്ഥാവകാശവും നേടിയെടുക്കാനാവശ്യമായ വേദി സ്ത്രീകൾക്ക് ലഭ്യമാക്കണം.

സഞ്ചാരസ്വാതന്ത്യം ലിംഗഭേദമന്യേ ഭരണഘടന വിഭാവനം ചെയ്യുമ്പോഴും. വിദ്യാഭ്യാസത്തിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളത്തിൽ സ്ത്രീകളുടെ തൊഴിൽപങ്കാളിത്തത്തിലെ വിമുഖത ശ്രദ്ധേയമാണ്. തൊഴിൽ പങ്കാളിത്തത്തിലും തൊഴിൽമേഖലകളിലും സ്ത്രീകൾ അനുഭവിക്കുന്ന ചൂഷണം സ്ത്രീയുടെ സഞ്ചാര സ്വാതന്ത്യത്തെ സാരമായി ബാധിക്കുന്നു എന്നതാണ് ഈ വിമുഖതയ്ക്ക് കാരണം. നിയമ വ്യവസ്ഥകൾ രാപ്പകൽ ഭേദമന്യേ സുതാര്യമാവുന്നതിലൂടെ സാമൂഹാന്തരീക്ഷത്തിൽ മാറ്റം ഉണ്ടായേക്കാവുന്നതാണ്. ജീവിതത്തിൽ പ്രധാന വഴിത്തിരിവായ വിവാഹത്തിൽപോലും തലകുനിച്ച് കൊടുക്കുന്ന സ്ത്രീ സ്വയം തീരുമാനമെടുക്കാൻ കഴിയാത്ത അവസ്ഥയിൽ നിലക്കൊള്ളുന്നു. ഇങ്ങനെ ഏത് മേഖലയെടുത്ത് പരിശോധിച്ചാലും വൈരുദ്ധ്യങ്ങൾ കാണാം.

അംഗീകാര രാഷ്ട്രീയം ഒരു സ്ത്രീക്ക് ലഭിക്കേണ്ടതാണ്. എന്നിരുന്നാൽ തന്നെ പുരുഷധിപത്യ ലോകത്തെ വാർത്തെടുക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്ന സ്ത്രീക്ക്, ലിംഗസമത്വം പ്രാവർത്തികമാക്കാൻ വേണ്ട ജനാധിപത്യ മര്യാദയിൽ മനോഭാവത്തിലും കാഴ്ചപ്പാടിലും മൂല്യബോധമുള്ള പുതിയ തലമുറയെ ഉണ്ടാക്കിയെടുക്കേണ്ടതിന്റെ തിരിച്ചറിവുണ്ടാക്കുക എന്നത് അത്യാവശ്യമാണ്. വളർത്തുന്ന പെൺകുട്ടിയും വളരാൻ അനുവദിക്കുന്ന ആൺകുട്ടിയും ജനാധിപത്യ വ്യവസ്ഥിതിയിലുള്ള ഒരു അന്തരിക്ഷത്തിലേക്ക് കൈപിടിക്കുന്ന രീതിലിലുള്ള മൂല്യബോധം ഉണ്ടാക്കിയെടുക്കാൻ വേണ്ട സാഹചര്യങ്ങൾ വീടുകളിലും വിദ്യാലങ്ങയളിലും ഉണ്ടാവുന്നതിനു വേണ്ട രിതിയിലുള്ള പ്രവർത്തനങ്ങളും പഠനവിഷയങ്ങളും ലഭ്യമാക്കേണ്ടതാണ്.

സ്ത്രീയുടെ ചലനാത്മകത പരിശോധിക്കപ്പെടുമ്പോൾ വ്യത്യസ്ത തലങ്ങളിൽ വ്യത്യസ്ഥ ഘടകങ്ങളെ ഇത് ആശ്രയിച്ചിരിക്കുന്നതായി കാണാം. ആർജിച്ചെടുത്ത പുരുഷത്വത്തിലും നിർവചിക്കപ്പെട്ട സ്ത്രീത്വത്തിലും സഞ്ചാരസ്വാത്രന്ത്രത്തിന്റെ തോത് വത്യാസപ്പെട്ടിരിക്കുന്നു. വീട് വിട്ട് സഞ്ചരിക്കുമ്പോൾ ഉണ്ടാകുന്ന മാനസികമായ പിരുമുറക്കങ്ങൾ അധികാരബന്ധങ്ങളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. തളച്ചിടപ്പെട്ട



സ്ത്രീത്വത്തെ പൊതുമണ്ഡലങ്ങളിലേക്ക് എത്തിക്കുന്നതിനു വേണ്ട ആശയപരമായ ചർച്ചകൾ അനിവാര്യമാണ്. പൊതുമണ്ഡലങ്ങൾ സ്ത്രീകൾക്ക് അധികാരഭാഷയില്ലാതെ പ്രാവർത്തികമാക്കാൻ കഴിയണം. സമൂഹം സഞ്ചാരസ്വാതന്ത്യം ചർച്ചചെയ്യുമ്പോൾ സ്ത്രീത്വത്തിന്റെ മുഖഛായ തന്നെ മാറിവരും എന്നതിൽ സംശയമില്ല. കാണാത്ത കാഴ്ചകളിലൂടെയും,, നിശബ്ദരെ ശബ്ദരാക്കിയും, കാഴ്ചപ്പാടുകളിൽ മാറ്റം വരുത്തിയും വ്യവഹാരങ്ങളിൽ ഇടപെടൽ നടത്തേണ്ടതായിട്ടുണ്ട്.

ജീവിതസാഹചര്യങ്ങളെ വിശകലനം ചെയ്ത് ദുർഗ്രാഹ്യമായ ഭാഷയിൽ ആധിപത്യം സ്ഥാപിക്കുന്ന സമൂഹത്തിന്റെ കാഴ്ചയിലെ രാഷ്ട്രീയം മാറ്റപ്പെടുമ്പോൾ അവിടെ തളച്ചിടപ്പെട്ട സ്ത്രീത്വത്തിൽ നിന്നും വ്യത്യസ്തമായി ലിംഗ സമത്വം പിറവിയെടുക്കുന്നതാണ്. ആർജിച്ചെടുത്ത പുരുഷത്വത്തെ വിശകലനം ചെയ്യപ്പെടുമ്പോഴാണ് പരിമിതികളും പ്രശ്നങ്ങളും മനസിലാവുന്നത്. അധികാരത്തിലധിഷ്ടിതമായ ചിന്തകളിൽ ചലനാത്മകത വ്യത്യാസപ്പെട്ടിരിക്കുന്നു. അധികാര ബന്ധങ്ങളിലെ സാമൂഹിക കാഴ്ചപ്പാടുകൾ തടസങ്ങളായി ചിലന്തിവലപോലെ വ്യാപിച്ചുകിടക്കുന്നു. അറിവ്, സമ്പത്ത് എന്നിവയിൽ അധിഷ്ഠിതമായ ഈ അധികാരം പങ്കുവയ്ക്കപ്പെടുമ്പോൾ പുരുഷ ലോകത്തിന്റെ മാനസിക പിരുമുറക്കങ്ങൾ ഒരുപരിധിവരെ കുറയ്ക്കാവുന്നതാണ്. സ്ത്രീസൗഹൃദ ഇടം സൃഷ്ടിക്കാൻ സാധ്യമാക്കുന്ന സംഘടനാ പ്രവർത്തനങ്ങൾ എല്ലാം തന്നെ മുൻകൈ എടുത്ത് പ്രാവർത്തികമാക്കേണ്ടതാണ്. പാഠ്യ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ലിംഗപദവിയും, ലിംഗസമത്വവും, അനുബന്ധപ്രശ്നങ്ങളും ഒരുപരിധി വരെ വളർന്നുവരുന്ന തലമുറയിലെ മൂല്യബോധത്തിൽ വ്യത്യാസങ്ങൾ ഉണ്ടാകുന്നതാണ്. സ്ത്രീയുടെ ചലനാത്മകതയിൽ ആചാരം, മതം, ജോലി, സാമ്പത്തികം, സമയം, കുടുംബപ്രാരാബ്ദം, അപവാദം എന്നിവയുമായി ബന്ധപ്പെട്ട് നിരവധി വിലക്കുകൾ കാണപ്പെടുന്നു. എങ്കിലും ചില നിർബന്ധിത സാഹചര്യത്തിൽ സമൂഹത്തിൽ ഇതിനു മാറ്റം ഉണ്ടാകുന്നു എന്നത് തികച്ചും



വസ്തുതാപരമാണ്. ചില പ്രത്യേക സാഹചര്യങ്ങളിലാണ് വിലക്കുകൾ കാണപ്പെടുന്നത്.

സമ്പത്തിന്റെ ഉടമസ്ഥാവകാശം, അടിച്ചമർത്തപ്പെട്ടകഥകൾ, അതിക്രമം എന്നിവയിലധിഷ്ടിതമായ വിഷയങ്ങളിൽ സംവാദങ്ങളും ചർച്ചകളും സംഘടിപ്പിച്ച് മാറ്റം ഉണ്ടാക്കിയെടുക്കുന്ന രീതിയിലേക്ക് സംഘടനാപ്രവർത്തകർ മുന്നോട്ട് വരേണ്ടതാണ്. പലതരത്തിലുള്ള പ്രശ്നങ്ങളാവും പലയിടങ്ങളിൽ നാമ്പെടുക്കുന്നത്. സ്ത്രീകൾ പ്രത്യേകിച്ച് അവിവാഹിതയായ അമ്മമാർ, വിധവകൾ എന്നിവർ സഞ്ചരിക്കുന്ന ഒരു വൃത്തത്തിനുള്ളിലാണ്. ഇതിന്റെ വശങ്ങൾ ക്രമേണ മായ്ക്കപ്പെടേണ്ടതാണ്. പൊതുവിജ്ഞാനം, പ്രായോഗിക ജ്ഞാനം എന്നിവയുടെ അപര്യാപ്തതയിൽ അവ ലഭ്യമാക്കേണ്ട സാഹചര്യങ്ങൾ ഒരുക്കേണ്ടതും, സാങ്കേതികപരിശീലനം നൽകി അവരെ മുഖ്യധാരയിൽ എത്തിക്കേണ്ടതുമാണ്. ഇതിന് ആശയപരമായ രീതിയിൽ ചർച്ചകൾ നടത്തണം.

കേരളത്തിലെ ആധിപത്യവ്യവസ്ഥിതിയിൽ വിവരസാങ്കേതിക വിദ്യയിൽ നിന്നും ബോധപൂർവം മാറ്റി നിർത്തപ്പെടുന്ന സ്ത്രീയെ ശക്തമായ ഇടപ്പെടലിലൂടെയും കൂട്ടായ്മയുലൂടെയും സ്ത്രീസൗഹൃദപരമാക്കി മാറ്റേണ്ടതുണ്ട്. യാത്രവേളകളിൽ സ്ത്രീകൾക്കും കുട്ടികൾക്കും സൗഹൃദപരമായ രീതിയിലുള്ള നിയമ സഹായങ്ങൾ ലഭ്യമാകാൻ ഇനിയും സുതാര്യമായ അവസ്ഥ ഉണ്ടാകേണ്ടതാണ്.

ഗൾഫ് മൈഗ്രേഷൻ മൂലം സമൂഹത്തിൽ ഒറ്റപ്പെട്ട് ജീവിക്കുന്ന സ്ത്രീകൾ ചൂഷണത്തിന് വിധേയരായിക്കൊണ്ടിരിക്കെ അവരെ ശാക്തീകരണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി അറിവും, പരിരക്ഷയും നൽകേണ്ടതാണ്. അതിക്രമങ്ങൾക്ക് ഇരായവരെ കണ്ടെത്തി അവർക്ക് വേണ്ട സുരക്ഷാപ്രവർത്തനങ്ങളും ബോധവൽക്കരണ ക്ലാസ്സുകളും, ചർച്ചകളും, സംഘടിപ്പിച്ച് സ്ത്രീയെ ഒരു വ്യക്തിയിൽ നിന്നും പൗരനിലേക്ക് എത്തിക്കേണ്ട സാമൂഹ്യസുരക്ഷ പ്രവർത്തനങ്ങളും ഉണ്ടാകണം.

അധികാരം വ്യാപിച്ച് കിടക്കുന്ന സമൂഹത്തിലെ മിത്തുകൾ ചർച്ചാവിഷയമാക്കേണ്ടതാണ്. കുടുംബ ബന്ധങ്ങൾ ശിഥിലമാകാത്ത രീതിയിലുള്ള ശാക്തീകരണ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കുകയും, എഴുത്തുകളും , മാറ്റങ്ങളും, പദ്ധതികളും പൊതുജന അറിവിലേക്കായി മാധ്യമങ്ങളിലൂടെ ഉയർത്തിക്കാട്ടണം. നിയമവ്യവസ്ഥകൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാകുമ്പോൾ ആർജിച്ചെടുത്ത പുരുഷത്വത്തിൽ മാറ്റങ്ങൾ പ്രതീക്ഷിക്കാവുന്നതാണ്. സാമൂഹിക മാറ്റങ്ങൾക്ക് നല്ലൊരുപങ്ക് വഹിക്കുന്ന മാധ്യമങ്ങളിൽ നിർവചിക്കപ്പെട്ട സ്ത്രീത്വം പൊളിച്ചെഴുതപ്പെടുമ്പോൾ, ലോകത്തിലെ ഓരോ സ്ത്രീയെയും ബഹുമാനിക്കുക അഥവാ സ്ത്രീ എപ്രകാരം പുരുഷനെ ആദരിക്കണമോ അതുപോലെ സ്ത്രീയേയും ആദരിക്കുക എന്ന മൂല്യബോധം സഹവർത്തിത്വത്തിലൂടെ സാധ്യമാകും. ഇപ്രകാരം സ്ത്രീപുരുഷ സമവാക്യത്തെ സ്വയം തിരിച്ചറിയുന്ന സമൂഹവും അതിലൂടെ ഉണ്ടാകുന്ന മാറ്റത്തിനും വേണ്ടി നമുക്ക് കാത്തിരിക്കാം.

# ചരിത്രത്തിലാദ്യമായി യു.എ.ഇയിൽ കേരളത്തിന്റെ കഫേ കുടുംബശ്രീ ഭക്ഷ്യമേള



മൂന്നു ദിവസത്തെ മേള ദുബായിലെ ഇൻഡ്യൻ കോൺസൽ ജനറൽ അനുരാഗ് ഭൂഷൺ, ആസ്റ്റർ ഡി.എം ഹെൽത്ത് കെയർ എം.ഡിയും ചെയർമാനുമായ ഡോ. ആനന്ദ് മൂപ്പൻ എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു

**അ**ബുദാബിയിലും ദുബായിലും മലയാള മനോരമ ഒരുക്കിയ ഗൾഫ് കേരള ഫെസ്റ്റിൽ രുചിവൈവിധ്യങ്ങളുമായി കഫേ കുടുംബശ്രീ ഭക്ഷ്യമേളയും. ദുബായിൽ സംഘടിപ്പിച്ച മൂന്നു ദിവസത്തെ മേള ദുബായിലെ ഇൻഡ്യൻ കോൺസൽ ജനറൽ അനുരാഗ് ഭൂഷൺ, ആസ്റ്റർ ഡി.എം ഹെൽത്ത് കെയർ എം.ഡിയും ചെയർമാനുമായ ഡോ. ആനന്ദ് മൂപ്പൻ എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു.

അബുദാബിയിൽ ഏപ്രിൽ ഒൻപത്, 10, 11 തീയതികളിലാണ് ഗൾഫ് കേരള ഫെസ്റ്റിന് തുടക്കം കുറിച്ചത്. ഇവിടെ ഗ്രാമീണ കേരളത്തിന്റെ തനതു രുചിക്കൂട്ടുകളുമായി നടത്തിയ പാചകോത്സവത്തിന്റെ വൻവിജയവുമായാണ് മുപ്പതംഗ കുടുംബശ്രീ സംഘം ദുബായിലും ഫെസ്റ്റ് വേദിയിൽ എത്തിയത്. ഭക്ഷ്യമേളയിലെത്തുന്നവർക്ക് പാചകക്കുറിപ്പുകൾ പഠിക്കാനും അവസരമൊരുക്കിയിരുന്നു. ഓരോ നാടിന്റെയും അപൂർവ രുചിക്കൂട്ടുകൾ ഒരേ വേദിയിൽ അണിനിരത്തിക്കൊണ്ടാണ് കഫേ കുടുംബശ്രീ അബുദാബിയിലും ദുബായിലും എത്തിയത്. പഴയ തലമുറ മറന്നു തുടങ്ങിയ വിഭവങ്ങൾ അതേ തനിമയോടെ തയ്യാറാക്കി നൽകിയത് ഏറെ ആവേശത്തോടെയാണ് ഗൾഫ് മലയാളികൾ സ്വീകരിച്ചത്. ഭക്ഷണ പദാർത്ഥങ്ങൾ തയ്യാറാക്കാനുള്ള മസാലപ്പൊടികളും മറ്റ് ചേരുവകളും നാട്ടിൽ നിന്നു തന്നെ കുടുംബശ്രീ യൂണിറ്റുകൾ കൊണ്ടുപോയിരുന്നു.

കൈപ്പുണ്യത്തിന്റെ നേർപ്പകർപ്പായ കുടുംബശ്രീയുടെ കഫേ കുടുംബശ്രീയുടെ പെരുമ കടലിനക്കരെയും ചെന്നെത്തിയത് കുടുംബശ്രീ വനിതകളിൽ ഏറെ ആത്മവിശ്വാസം വളർത്തിയിട്ടുണ്ട്. ഏഷ്യയിലെ തന്നെ സ്ത്രീകളുടെ ഏറ്റവും വലിയ കൂട്ടായ്മയായ കുടുംബശ്രീ കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ അൻപതോളം മേളകൾ നടത്തി 7.71 കോടി രൂപ വിറ്റുവരവുണ്ടാക്കി അംഗങ്ങളായ സ്ത്രീകൾക്കു നൽകിയിട്ടുണ്ട്. കുടുംബശ്രീയുടെ 17 വർഷത്തെ ചരിത്രത്തിൽ ഇതാദ്യമായാണ് മുപ്പതു ശതമാനത്തോളം മലയാളികൾ ഉള്ള യു.എ.ഇയിൽ സംഘടിപ്പിച്ച ഗൾഫ് കേരള ഫെസ്റ്റിൽ കുടുംബശ്രീ സാന്നിദ്ധ്യമറിയിക്കുന്നത്. മലയാള മനോരമയുടെ നേതൃത്വത്തിൽ ഏപ്രിൽ ഒൻപത്, 10, 11 തീയതികളിൽ അബുദാബിയിലും 16,17,18 തീയതികളിൽ ദുബായിലും സംഘടിപ്പിച്ച ഗൾഫ് കേരള ഫെസ്റ്റിലാണ് കഫേ കുടുംബശ്രീ പങ്കെടുത്തത്. 29 കഫേ കുടുംബശ്രീ പ്രവർത്തകരും അവരുടെ മേൽനോട്ടത്തിനും പരിശീലനത്തിനുമായി രണ്ടു പരിശീലകരുമാണ് യു.എ.ഇയിൽ പോയത്.

### രുചിവൈവിധ്യ പെരുമ

കേരളത്തിലെ കാസർഗോഡു മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകളിലെ പരമ്പരാഗത വിഭവങ്ങൾ, ഉന്നക്കായ, പഴം നിറച്ചത്, വെജിറ്റബിൾ കൊണ്ടുള്ള കോഴിക്കാൽ, കിളിക്കൂട്, കോഴി നിറച്ചത്, കോഴി പൊള്ളിച്ചത്, ചിക്കൻ സുക്ക, നെയ്പത്തിരി, പുളിവാളൻ കോഴിക്കറി, മലബാർ കോഴിക്കറി, മട്ടൻ സ്റ്റൂ, മട്ടൻ വരട്ടിയത്, മട്ടൻ കുരുമുളക് കറി, കരിമീൻ വറുത്തരച്ചത്, കരിമീൻ പൊള്ളിച്ചത്, മീൻ വറ്റിച്ചത്, മലബാർ മീൻകറി, ഞണ്ട് റോസ്റ്റ്, ചെമ്മീൻ റോസ്റ്റ്, ചെമ്മീൻകറി, അയലക്കറി, മത്തിക്കറി, കപ്പ, അപ്പം, പത്തിരി, തട്ടിൽകുട്ടി ദോശ, മസാല ദോശ, ഊത്തപ്പം, കലത്തപ്പം തുടങ്ങിയ വിഭവങ്ങളാണ് കുടുംബശ്രീ സ്റ്റാളിൽ ഒരുക്കിയത്. പിടി, നാടൻ കോഴിക്കറി, കോട്ടയം വിഭവങ്ങൾ, വിവിധതരം പുട്ടുകൾ എന്നിവയും ഉണ്ടായിരുന്നു. മുളയരി കൊണ്ടുള്ളതുൾപ്പെടെ വിവിധതരം പായസങ്ങൾ, ഏഴു തരം നെല്ലിക്കാ ജ്യൂസുകൾ, മറ്റു പഴങ്ങൾകൊണ്ടുള്ള ജ്യൂസുകൾ എന്നിവയും ഫെസ്റ്റിൽ ലഭ്യമായിരുന്നു. എല്ലാ വിഭവങ്ങളുടെയും പാചകക്കുറിപ്പുകൾ കുടുംബശ്രീ അംഗങ്ങളുമായി ചർച്ച ചെയ്യാനും അവസരമൊരുക്കിയത് പ്രവാസികളായ മലയാളികൾക്ക് ഏറെ പ്രയോജനകരമായി.

## ഫെസ്റ്റ് കുടുംബശ്രീക്കു സമ്മാനിച്ചത് രാജ്യാന്തരശ്രദ്ധ: കെ.ബി. വൽസലകുമാരി

**കു**ടുംബശ്രീ വനിതകൾക്കു രാജ്യാന്തരശ്രദ്ധ ലഭിക്കാൻ ഗൾഫ് കേരള ഫെസ്റ്റ് സഹായിച്ചതായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി. വൽസലകുമാരി പറഞ്ഞു. ഗൾഫിലേക്കുള്ള ആദ്യ കാൽവയ്പ് വിജയമായി. ഇനിയും അവസരങ്ങൾ പ്രയോജനപ്പെടുത്താനാവും.

യു.എ.ഇയിലെത്തിയ 30 കുടുംബശ്രീ വനിതകളിൽ രണ്ടുപേരൊഴിച്ചുള്ളവരെല്ലാം ആദ്യമായാണു വിമാനത്തിൽ യാത്ര ചെയ്യുന്നത്. ഉപജീവനത്തിനു മുതൽക്കൂട്ടാവുന്ന നല്ല വരുമാനമാണ് ഇവർ ലക്ഷ്യമിടുന്നത്. ജിസിസി മേഖലയിലുൾപ്പെടെ പല രാജ്യങ്ങളിലും കഫേ കുടുംബശ്രീ സമീപഭാവിയിൽ തന്നെ സാന്നിദ്ധ്യമറിയിക്കുമെന്നും വൽസലകുമാരി പറഞ്ഞു. 41.5 ലക്ഷം സ്ത്രീകളാണ് കുടുംബശ്രീ യൂണിറ്റുകളിലുള്ളത്. 20 കഫേ യൂണിറ്റുകളാണ് കേരളത്തിലുള്ളത്. എല്ലായിടത്തും ഏകീകൃത വിലയിൽ, മായം ചേർക്കാത്ത തനതു ഭക്ഷണങ്ങളാണ് നൽകുന്നത്.

എത്യോപ്യ, ദക്ഷിണാഫ്രിക്ക എന്നിവിടങ്ങളിൽ സ്ത്രീശാക്തീകരണവും ദാരിദ്ര്യനിർമാർജനവും കുടുംബശ്രീ ഏറ്റെടുത്തിട്ടുണ്ട്. എത്യോപ്യൻ സർക്കാരുമായി ഇതു സംബന്ധിച്ച ധാരണാപത്രം ഉടൻ ഒപ്പുവയ്ക്കും. ദക്ഷിണാഫ്രിക്കയിൽ പ്രാരംഭ നടപടികളായതായും അവർ അറിയിച്ചു.



ഗൾഫ് കേരള ഫെസ്റ്റിൽ പങ്കെടുക്കാനായി പോകും മുമ്പ് കഫേ കുടുംബശ്രീ അംഗങ്ങളെ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി വത്സലകുമാരി അഭിനന്ദിക്കുന്നു

സാമൂഹികാധിഷ്ഠിത പ്രവർത്തനങ്ങൾക്കൊപ്പം ഓരോ സ്ത്രീക്കും അവരുടെ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കാനും കുടുംബശ്രീ വഴിയൊരുക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ വിജയിച്ച 61 ശതമാനം പേരും കുടുംബശ്രീ അംഗങ്ങളാണെന്നതു ശ്രദ്ധേയമാണ്. കുടുംബശ്രീ ബാലസഭയിൽ 9 ലക്ഷം കുട്ടികളുണ്ട്. ജൈവരീതിയിലുള്ള കൃഷി മാത്രമാണ് കുടുംബശ്രീ പ്രോത്സാഹിപ്പിക്കുന്നത്.

ദൂരദർശനുമായി ചേർന്ന് തിങ്കൾ മുതൽ വെള്ളി വരെ കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ സംപ്രേഷണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. മായംചേർക്കാത്ത ഭക്ഷ്യരുചിക്കൂട്ടുകളുമായി വിദേശ മലയാളികൾക്കിടയിൽ ഭക്ഷ്യമേള സംഘടിപ്പിച്ചതും അഭിമാനാർഹമാണെന്നു വൽസലകുമാരി അഭിപ്രായപ്പെട്ടു.

## കുടുംബശ്രീയുടെ വരവ് സാംസ്കാരിക വിനിമയത്തിനു കൂടിയുള്ള അവസരം



കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി വത്സലകുമാരി യു.എ.ഇ ഇന്ത്യൻ സ്ഥാനപതി ടി.പി സീതാറാം പത്നി ദീപാ സീതാറാം എന്നിവർക്കൊപ്പം

**കു**ടുംബശ്രീയുടെ വിദേശ സന്ദർശനം രാജ്യങ്ങൾ തമ്മിലുള്ള സാംസ്കാരിക വിനിമയത്തിന്റെ അവസരവും കൂടിയാകട്ടെയെന്ന് യുഎഇ ഇന്ത്യൻ സ്ഥാനപതി ടി.പി. സീതാറാം ആശംസിച്ചു. മലയാള മനോരമ അബുദാബിയിൽ സംഘടിപ്പിച്ച ഗൾഫ് കേരള ഫെസ്റ്റിൽ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. മൂല്യങ്ങളും സംസ്കാരങ്ങളും പരസ്പരം കൈമാറാനുള്ള അവസരം കൂടിയാണ് ഇത്തരം സന്ദർശനങ്ങൾ കുടുംബശ്രീ യുഎഇയിൽ എത്തിയതിൽ സന്തോഷമുണ്ടെന്നും യുഎഇയിലെ വനിതാ സംഘടനകളിൽ കുടുംബശ്രീ സന്ദർശനം നടത്തണമെന്നും അതിനുള്ള അവസരം എംബസി ഒരുക്കാമെന്നും അദ്ദേഹം വാഗ്ദാനം ചെയ്തു.

മലയാള മനോരമ മാർക്കറ്റിംഗ് ചീഫ് ജനറൽ മാനേജർ ജോയ് മാത്യു, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി. വൽസലകുമാരി, ദീപാ സീതാറാം, അബുദാബി മലയാളിസമാജം പ്രസിഡന്റ് ഷിബു വർഗീസ് തുടങ്ങിയവർ സംബന്ധിച്ചു.

## പാരമ്പര്യകലകളുടെ ഗോത്രതാളം ശ്രദ്ധേയമായി



ഗോത്രതാളത്തിൽ പങ്കെടുക്കുന്ന കലാകാരന്മാർ

**പ**രമ്പരാഗത കലകളെ പുനരുജ്ജീവിപ്പിക്കുന്നതിനും മുഖ്യധാരയിലെത്തിക്കുന്നതിനുമായി കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ നടത്തിയ ഗോത്രതാളം പദ്ധതി ശ്രദ്ധേയമായി.

അന്യമായിക്കൊണ്ടിരിക്കുന്ന ഗോത്രാചാരങ്ങളും പാരമ്പര്യകലകളും യുവതലമുറയ്ക്കും സമൂഹത്തിനും പരിചയപ്പെടുത്തുക ഗോത്രകലയുടെ ആവശ്യകതയേയും പ്രാധാന്യത്തേയും കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഗോത്രതാളം സംഘടിപ്പിച്ചത്.

വട്ടക്കളി, കോൽക്കളി, ഗോത്രഗാനം, വടക്കൻപാട്ട്, നെല്ലുകുത്ത്, പാട്ട് എന്നീ ഇനങ്ങളിലാണ് മത്സരങ്ങൾ സംഘടിപ്പിച്ചത്. പണിയ വിഭാഗക്കാർ തുടി, പീപ്പി എന്നീ വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ നടത്തിയ വട്ടക്കളിയും കുറുമ വിഭാഗക്കാർ അവതരിപ്പിച്ച കോൽക്കളിയും ആസ്വാദകശ്രദ്ധയാകർഷിച്ചു. ആധുനിക ഉപകരണങ്ങളുടെ കടന്നുവരവോടു കൂടി അന്യമായ നെല്ലുകുത്തു പാട്ടും ആസ്വാദകർക്ക് നവ്യാനുഭവമായി. 13 പഞ്ചായത്തുകളിൽ നിന്ന് 200 ലധികം കലാകാരൻമാരാണ് ഗോത്രതാളത്തിൽ പങ്കെടുത്തത്.

## ചെറുതോണിയിൽ അമൃതം ന്യൂട്രിമിക്സ് ജില്ലാ ഓഫീസ് പ്രവർത്തനം ആരംഭിച്ചു



ന്യൂട്രിമിക്സ് ജില്ലാ കൺസോർഷ്യം ഓഫീസിന്റെ ഉദ്ഘാടനം എം.എൽ.എ റോഷി അഗസ്റ്റിൻ നിർവഹിക്കുന്നു

**കു**ടുംബശ്രീ ഇടുക്കി ജില്ലാമിഷന്റെ ആഭിമുഖ്യത്തിൽ അമൃതം ന്യൂട്രിമിക്സ് യൂണിറ്റുകളുടെ ജില്ലാ കൺസോർഷ്യം ഓഫീസ് പ്രവർത്തനം ആരംഭിച്ചു. എം.എൽ.എ റോഷി അഗസ്റ്റിൻ ഓഫീസിന്റെ ഉദ്ഘാടനം നിർവഹിച്ചു. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ കെ.എസ് രാജീവ് അധ്യക്ഷത വഹിച്ചു.

കുടുംബശ്രീയുടെ മൈക്രോ സംരംഭങ്ങളായി ജില്ലയിൽ പ്രവർത്തിക്കുന്ന 14 യൂണിറ്റുകളുടെയും ജില്ലാതല ഏകോപനമാണ് ഈ ഓഫീസു വഴി നടക്കുന്നത്. വാത്തിക്കുടി, കാമാക്ഷി, മരിയാപുരം, ഇരട്ടയാർ, പാമ്പാടുംപാറ, ഉടുമ്പന്നൂർ, കുമളി, നെടുങ്കണ്ടം എന്നിവിടങ്ങളിലാണ് കുടുംബശ്രീയുടെ കീഴിൽ ന്യൂട്രിമിസ് പോഷകാഹാര യൂണിറ്റുകളിൽ പ്രവർത്തിക്കുന്നത്.

ഓരോ യൂണിറ്റുകളില നിന്നും തിരഞ്ഞെടുക്കപ്പെട്ട ഒരംഗം വീതമുള്ള 14 അംഗ ബോർഡാണ് ഓഫീസ് പ്രവർത്തനത്തിൽ മേൽനോട്ടം വഹിക്കുന്നത്. അസിസ്റ്റന്റ് ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ഷൈൻ. എം.സിറിയക്, മർച്ചന്റ്സ് അസോസിയേഷൻ പ്രസിഡന്റ് സാജൻ കുന്നേൽ, വൈസ് പ്രസിഡന്റ് ജോസ് കുഴികണ്ടത്തിൽ, ജില്ലാ കൺസൾട്ടന്റ് വെന്റിഷ് ജോയി, ന്യൂട്രിമിക്സ് ജില്ലാ കൺസോർഷ്യം പ്രസിഡന്റ് സഫിയ റഷീദ്, സെക്രട്ടറി ബിന്ദു മുരളി എന്നിവർ സംസാരിച്ചു.

## ഉദ്ഘാടനം

### മധുരിമ ചപ്പാത്തി സ്നാക്സ് യൂണിറ്റ്

**ഇ**ടുക്കി ജില്ലയിൽ കരിങ്കുന്നം പഞ്ചായത്തിൽ മധുരിമ ചപ്പാത്തി-സ്നാക്സ് യൂണിറ്റിന്റെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് തോമസ് കോര നിർവഹിച്ചു.

മാവ് കുഴയ്കാനും പരത്താനും ചപ്പാത്തി ചുട്ടെടുക്കാനുമുള്ള ഏറ്റവും ആധുനികമായ ഉപകരണങ്ങൾ കൊണ്ടാണ് യൂണിറ്റിന്റെ പ്രവർത്തനം. സ്മിത സിബി, ഷീബ ബേബി, ധന്യ സുനി, അജിത സാജൻ, ഷീല സോമൻ എന്നിവരാണ് സംരംഭത്തിലെ അംഗങ്ങൾ.

അസിസ്റ്റന്റ് ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ഷൈൻ എം. സിറിയക് ആദ്യവിൽപന സ്വീകരിച്ചു. പഞ്ചായത്ത് അംഗം നിഷ പ്രസാദ്, സതി ശിശുപാലൻ, കുടുംബശ്രീ അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

### തനിമ കാന്റീൻ കാറ്ററിംഗ് യൂണിറ്റ്

**ഇ**ടുക്കി ജില്ലയിലെ മണക്കാട് പഞ്ചായത്തിൽ കുടുംബശ്രീ കാന്റീൻ കാറ്ററിംഗ് യൂണിറ്റിന്റെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് ജോസ് താക്കുഴിക്കാട്ട് നിർവഹിച്ചു.

ആശ സന്തോഷ്, വനജ ദാസ്, മിനി രവി, ഇന്ദിര ബാലകൃഷ്ണൻ, മോളി ജോർജ് എന്നവരാണ് യൂണിറ്റിലെ അംഗങ്ങൾ.

പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടിസ്സി ജോബ്, കൃഷി ഓഫീസർ ബിജു സക്കറിയ, മെമ്പർ സെക്രട്ടറി സബിത എന്നിവർ പങ്കെടുത്തു.

കുടുംബശ്രീ വാർത്താപത്രിക

# സി.ഡി.എസ് ചെയർപേഴ്സൺമാരുടെ പരിശീലനം

## കൊല്ലം

**കൊ**ല്ലം ജില്ലയിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട സി.ഡി.എസ് ചെയർപേഴ്സൺമാർക്ക് ത്രിദിന പരിശീലനം നൽകി. പരിശീലന പരിപാടി പി.കെ ഗുരുദാസൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു.

കുടുംബശ്രീ മുഖേന നടപ്പാക്കുന്ന സൂക്ഷ്മ സംരംഭങ്ങൾ, സ്ത്രീശാക്തീകരണം, മൈക്രോ ഫിനാൻസ്, മാർക്കറ്റിംഗ്, സമഗ്ര പദ്ധതികൾ, ജെൻഡർ, ബാലസഭ, വ്യക്തിത്വ വികസനം, ത്രിതല സംഘടനാ സംവിധാനം എന്നീ വിഷയങ്ങളിലാണ് പ്രധാനമായും പരിശീലനം നൽകിയത്.

കർമപരിശീലന ഗ്രൂപ്പിന്റെ നേതൃത്വത്തിലായിരുന്നു എല്ലാ പരിശീലനത്തിന്റെയും ഏകോപനം. ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ടി.ബിജു, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർമാരായ മുഹമ്മദ് അൻസർ, സഫീർ, എം.ജമാലുദ്ദീൻ, കൺസൾട്ടന്റ് എം.ബീന തുടങ്ങിയവർ ക്ളാസുകൾ നയിച്ചു.

## വയനാട്




**വ**യനാട് ജില്ലയിൽ കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട സി.ഡി.എസ് ചെയർപേഴ്സൺമാർക്ക് ത്രിദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. കുടുംബശ്രീ ഏറ്റെടുത്ത് നടപ്പാക്കുന്ന കേന്ദ്ര – സംസ്ഥാന പദ്ധതികൾ, ജില്ലയിലെ പ്രത്യേക പരിപാടികൾ എന്നിവയെ കുറിച്ച് അവബോധം സൃഷ്ടിക്കുകയാണ് പരിശീലനത്തിന്റെ ലക്ഷ്യം.

ചെറുകിട സംരംഭങ്ങൾ, മൈക്രോഫിനാൻസ്, സ്ത്രീപദവി സ്വയം പഠന പ്രക്രിയ, ബാലസഭാ പ്രവർത്തനങ്ങൾ, സമഗ്ര, എം.കെ.എസ്.പി, ദീൻ ദയാൽ ഉപാദ്ധ്യായ – ഗ്രാമീണ കൗശല്യ യോജന, കുടുംബശ്രീ ഇൻഷൂറൻസ്, പണിയ ശതദിനം, മൈക്രോ ലെവൽ പ്ലാനിംഗ്, നിർഭയ തുടങ്ങി വിവിധ പദ്ധതികളാണ് പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

പരിശീലനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എൻ.കെ റഷീദ് ഉദ്ഘാടനം ചെയ്തു. സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഒ.എം ജോർജ്ജ് അധ്യക്ഷത വഹിച്ചു. കൺസൾട്ടന്റുമാരായ സുഹൈൽ പി.കെ, ഷീന എസ്, ആശാപോൾ, വൈശാഖ് എം. ചാക്കോ, ശ്രുതിമോൾ, അനു ഡേവിഡ് എന്നിവർ സംസാരിച്ചു. കുടുംബശ്രീ അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ടി.എൻ ശോഭ സ്വാഗതവും കൺസൾട്ടന്റ് പി.കെ സുനിൽ നന്ദിയും പറഞ്ഞു.

# കുടുംബശ്രീ സ്ത്രീശാക്തീകരണത്തിന് കരുത്തേകി: മന്ത്രി കെ.സി ജോസഫ്

**സ്**ത്രീശാക്തീകരണത്തിനും കുടുംബ സാമ്പത്തിക ഭദ്രതയ്ക്കും സംസ്ഥാനത്ത് കുടുംബശ്രീ പ്രവർത്തനം ഏറെ സഹായകരമായെന്ന് ഗ്രാമവികസന വകുപ്പ് മന്ത്രി കെ.സി ജോസഫ് പറഞ്ഞു. കണ്ണൂരിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട സി.ഡി.എസ് ചെയർപേഴ്സൺമാരുടെ സംസ്ഥാനതല അധികാര കൈമാറ്റവും സത്യപ്രതിജ്ഞാ ചടങ്ങും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സ്ത്രീകളുടെ ഉന്നമനത്തിനായി നിരവധി കാര്യങ്ങൾ ചെയ്യാൻ കുടുംബശ്രീക്കു കഴിഞ്ഞിട്ടുണ്ട്. ഇക്കാരണത്താൽ പല ലോകരാജ്യങ്ങളും രാജ്യത്തെ വിവിധ സംസ്ഥാനങ്ങളും കുടുംബശ്രീയെ മാതൃകയാക്കുകയാണെന്ന് മന്ത്രി പറഞ്ഞു.

എരുവേശ്ശി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മാർഗരറ്റ് മാത്യു അധ്യക്ഷത വഹിച്ചു. കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ എം. വി പ്രേമരാജൻ റിപ്പോർട്ട് അവതരിപ്പിച്ചു. കലക്ടർ ബാലകിരൺ മുഖ്യ പ്രഭാഷണം നടത്തി. സംസ്ഥാന പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ് പി.ടി മാത്യു, ഡോ.കെ.വി ഫിലോമിന, തോമസ് പാലോലിൽ, അഗസ്റ്റിൻ മുക്കുഴി, അഗസ്റ്റിൻ ചെറുകുന്നേൽ, ടെസി ഇമ്മാനുവേൽ, ജോർജ് മാത്യു, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർമാരായ കെ.ഒ സ്വപ്ന, പി.ഉസ്മാൻ എന്നിവർ പ്രസംഗിച്ചു.

# ബാങ്ക് ലിങ്കേജ് 50 കോടി: കുടുംബശ്രീക്ക് മികച്ച നേട്ടം

**കു**ടുംബശ്രീ വയനാട് ജില്ലാമിഷന്റെ നേതൃത്വത്തിൽ വിവിധ ധനകാര്യ സ്ഥാനങ്ങളുടെ സഹായത്തോടെ സാമ്പത്തിക വർഷം 50 കോടി രൂപ ബാങ്ക് ലിങ്കേജ് നടത്തി മികച്ച നേട്ടമുണ്ടാക്കി. അയൽക്കൂട്ടം, സംഘക്കൃഷി ഗ്രൂപ്പുകൾ, ചെറുകിട സംരംഭങ്ങൾ എന്നിവയെയാണ് ബാങ്ക് ലിങ്കേജിൽ ഉൾപ്പെടുത്തിയത്.

1028 സംഘകൃഷി ഗ്രൂപ്പുകൾക്കായി 23 കോടി 97 ലക്ഷം രൂപയും, 869 അയൽക്കൂട്ടങ്ങൾക്കായി 22 കോടി 75 ലക്ഷം രൂപയും കുടുംബശ്രീ അംഗങ്ങൾക്ക് അനുവദിച്ചു. 26 സി.ഡി.എസ് ഭരണ സമിതികളുടെ നേതൃത്വത്തിൽ ബാങ്ക് ലിങ്കേജ് മേള നടത്തിയാണ് ഇത്രയധികം രൂപ വായ്പ ലഭ്യമാക്കിയത്.

ചെറുകിട സംരംഭങ്ങൾക്കായി 463 ഗ്രൂപ്പുകൾക്ക് 4 കോടി 35 ലക്ഷം രൂപ ബാങ്ക് വായ്പ ഉറപ്പാക്കി. ആട് ഗ്രാമം പദ്ധതി പ്രകാരം 9 പഞ്ചായത്തിൽ 89 ഗ്രൂപ്പുകളിലായി 445 ഗുണഭോക്താക്കൾക്ക് ഒരു കോടി 50 ലക്ഷം രൂപ വിതരണം ചെയ്തു.

ക്ഷീര സാഗരം പദ്ധതിയിലൂടെ 2 സി.ഡി.എസുകളിൽ 17 ഗ്രൂപ്പുകളിലെ 85 ഗുണഭോക്താക്കൾക്ക് ഒരു കോടി രൂപ വിതരണം ചെയ്തു. കോഴിക്കൂട്ടം പദ്ധതിയിലൂടെ 60 ഗ്രൂപ്പുകളിലായി 300 ഗുണഭോക്താക്കൾക്ക് 45 ലക്ഷം രൂപയും ലഭ്യമാക്കി. യുവശ്രീ പദ്ധതിയിലൂടെ 15 ലക്ഷം രൂപയാണ് ഗുണഭോക്താക്കളായ കുടുംബശ്രീക്കാർക്ക് വിതരണം ചെയതത്.

# മലപ്പുറത്ത് കഫേ കുടുംബശ്രീ ഭക്ഷ്യമേള

**രു**ചിവൈവിധ്യത്തിന്റെ കലവറ തുറന്ന് കഫേ കുടുംബശ്രീ മലപ്പുറത്തും. പൂക്കോട്ടൂർ എം.ഐ.എസി യത്തീംഖാനയുടെ 30-ാം വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിച്ച മേളയിലാണ് കഫേ കുടുംബശ്രീ കേരളീയ വിഭവങ്ങളുടെ വ്യത്യസ്ത സ്വാദുകൾ ഒരുക്കിയത്. മലപ്പുറത്തിന്റെ തനതായ രുചി സാധാരക്കാരിലേക്ക് എത്തിക്കുന്ന സംരംഭം കൂടിയായി ഭക്ഷ്യമേള. വൈവിധ്യങ്ങളായ പുട്ടുകൾ, ദോശകൾ, പായസം തുടങ്ങിയ ഉത്പന്നങ്ങളിലൂടെ കഫേ കുടുംബശ്രീ മേളയെ ആകർഷകമാക്കി.

കഫേ കുടുംബശ്രീയുടെ ഉദ്ഘാടനം എം.ഐ.എസി യത്തീംഖാന ഗ്രൗണ്ടിൽ കാലിക്കറ്റ് സർവ്വകലാശാല വൈസ് ചാൻസലർ ശ്രീ. പി. അബ്ദുൽ സലാം ഉദ്ഘാടനം ചെയ്തു. സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ, ടി.വി. ഇബ്രാഹിം, പി.എ സലാം, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ കെ. മുഹമ്മദ് ഇസ്മായിൽ, ജില്ലാ മിഷൻ കൺസൾട്ടന്റ് അലിഹസ്സൻ എന്നിവർ പങ്കെടുത്തു.

# പ്രവാസികൾക്ക് ആശ്വാസമായി പത്തനംതിട്ടയിൽ പ്രവാസിമിത്രം പദ്ധതി നടപ്പാക്കുന്നു



*പ്രവാസിമിത്രം പദ്ധതിയുടെ ലോഗോ പ്രകാശനം കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ സാബിർ ഹുസൈന് നൽകി മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കുന്നു*

**പ്ര**വാസികളായിട്ടുള്ളവരുടെ നാട്ടിലെ വീടുകളിൽ തനിച്ചു താമസിക്കുന്ന വൃദ്ധരായ മാതാപിതാക്കളുടെയും മറ്റ് കുടുംബാംഗങ്ങളുടെയും ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും അവർക്കാവശ്യമായ സേവനങ്ങൾ നൽകുന്നതിനുമായി കുടുംബശ്രീയും പത്തനംതിട്ട ജില്ലാഭരണകൂടവും കൈകോർക്കുന്നു. പ്രവാസിമിത്രം എന്ന പേരിൽ ജില്ലയിൽ നടപ്പാക്കുന്ന പുതിയ പദ്ധതിയുടെ ലോഗോ പ്രകാശനം കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ സാബിർ ഹുസൈന് നൽകി മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിച്ചു. റവന്യൂ-കയർ വകുപ്പ് മന്ത്രി അടൂർ പ്രകാശ് അധ്യക്ഷത വഹിച്ചു.

പ്രവാസികൾ ഏറെയുള്ള ജില്ലയാണ് പത്തനംതിട്ട. ജനസംഖ്യയിൽ നാലിൽ ഒരാൾ വിദേശത്തുള്ളത് പരിഗണിച്ചാണ് ജില്ലയിൽ പ്രവാസ ക്ഷേമപദ്ധതി നടപ്പാക്കുന്നത്. പ്രവാസി സമ്പത്ത് ജില്ലയുടെ വരുമാനത്തിൽ നിർണായക പങ്കുവഹിക്കുന്നു. ഈ പ്രവാസികളിൽ കുടുംബസമേതം വിദേശരാജ്യങ്ങളിൽ താമസിക്കുന്നവരുമുണ്ട്. കുടുംബാംഗങ്ങളെ കൊണ്ടുപോകാനാവാതെ ദീർഘകാലം വിദേശത്ത് ജോലി ചെയ്തുവരുന്നവരുമുണ്ട്. പ്രവാസികളായിട്ടുള്ളവരുടെ നാട്ടിലെ വീടുകളിൽ തനിച്ച് കഴിയുന്ന വൃദ്ധരായ മാതാപിതാക്കൾ ധാരാളമുണ്ട്. പണമുണ്ടെങ്കിലും സ്വന്തമായി ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്തവരാണ് ഇവരിലേറെയും. പലപ്പോഴും സ്വന്തം ആവശ്യങ്ങൾ നിറവേറ്റാൻ മറ്റു പലരുടെയും സഹായത്തിനായി കാത്തിരിക്കേണ്ട അവസ്ഥമൂലം പ്രയാസപ്പെടുന്നവരാണ് ഇവർ. ഈ രീതിയിൽ ബുദ്ധിമുട്ടനുഭവിക്കുന്ന പ്രവാസി കുടുംബങ്ങളെ സഹായിക്കുന്നതിനും ആവശ്യങ്ങളറിഞ്ഞ് സേവനം ചെയ്യുന്നതിനുമായി കുടുംബശ്രീ ജില്ലാഭരണകൂടവുമായി ചേർന്ന് ആവിഷ്കരിക്കുന്ന നൂതന പദ്ധതിയാണ് പ്രവാസിമിത്രം. തുച്ഛമായ ഫീസ് മാത്രം ഈടാക്കി നടപ്പാക്കുന്ന പദ്ധതി ജില്ലയിലെ പ്രവാസികൾക്ക് ഏറെ ആശ്വാകരമാകും.

ജില്ലയെ തിരുവല്ല, റാന്നി, പത്തനംതിട്ട എന്നീ മൂന്നു പ്രവാസി മേഖലകളായി തിരിച്ച് പദ്ധതി പ്രവർത്തനം നടത്തുന്നതിനാണ് കുടുംബശ്രീ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി ഓരോ മേഖലയിലും ഓരോ കോൾസെന്റർ ആരംഭിക്കും. കോൾസെന്ററിൽ ടെലിഫോൺ, ഇ-മെയിൽ, ഇന്റർനെറ്റ് സംവിധാനം എന്നിവ 24 മണിക്കൂറും ഏർപ്പെടുത്തും. മൂന്നു ഷിഫ്റ്റുകളിലായിട്ടായിരിക്കും കോൾസെന്ററിന്റെ പ്രവർത്തനം. ഓരോ ഷിഫ്റ്റിലും ഒരാൾ വീതം എല്ലാ കോൾസെന്ററുകളിലും ഉണ്ടായിരിക്കും.

പദ്ധതി പ്രവർത്തനത്തിനായി ഓരോ കോൾസെന്ററുമായും ചേർന്ന് 10 മുതൽ 20 വരെ കുടുംബശ്രീ അംഗങ്ങളെയോ അവരുടെ കുടുംബത്തിൽ നിന്നുള്ള അംഗങ്ങളെയോ സേവനദാതാക്കളായി തിരഞ്ഞെടുക്കും. ഇവർക്ക് സേവനം ആവശ്യമുള്ള വിവിധ പ്രവാസി കുടുംബങ്ങളുടെ ചുമതല നൽകും. ഓരോ അംഗത്തിനും പ്രതിമാസം 10,000 മുതൽ 12,000 വരെ വരുമാനം ലഭിക്കത്തക്കവിധത്തിലാണ് പദ്ധതി രൂപ്പപെടുത്തിയിട്ടുള്ളത്. തിരഞ്ഞെടുക്കപ്പെടുന്ന അയൽക്കൂട്ട വനിതകൾക്ക് പ്രവാസിമിത്രം പദ്ധതി പ്രകാരം ലഭ്യമാക്കാനുദ്ദേശിക്കുന്ന സേവമമേഖലകളിൽ അംഗീകൃത ഏജൻസികൾ വഴി ആറു ദിവസത്തെ വിദഗ്ധ പരിശീലനം ലഭ്യമാക്കും. ഇവർക്ക് പ്രത്യേകം തിരിച്ചറിയൽ കാർഡ്, യൂണിഫോം, വാഹനസൗകര്യം എന്നിവയും നൽകും. പ്രവാസിമിത്രം പദ്ധതിയുടെ പാക്കേജ് പ്രകാരം ഒരു നിശ്ചിത തുക അടച്ചുകഴിയുമ്പോൾ അംഗമാവുന്ന പ്രവാസി കുടുംബത്തിന് ആദ്യഘട്ടത്തിൽ 10 സേവനങ്ങളാണ് കുടുംബശ്രീ മുഖേന ലഭ്യമാകുന്നത്. പ്രത്യേക പാക്കേജിൽ അംഗമാകുന്ന പ്രവാസി കുടുംബങ്ങളിൽ കുടുംബശ്രീ പ്രവർത്തകർ യഥാസമയങ്ങളിൽ പാക്കേജിലുൾപ്പെടുത്തിയിരിക്കുന്ന സേവനങ്ങൾ ലഭ്യമാക്കുന്നു. കൂടാതെ പാക്കേജിൽ ഉൾപ്പെടാത്ത പ്രവാസികൾക്ക് അവർക്കാവശ്യമായ സേവനങ്ങൾ കോൾസെന്ററിൽ അറിയിക്കാവുന്നതും സേവനത്തിനുള്ള പ്രതിഫലം നിശ്ചയിച്ച് പ്രവാസിയെ അറിയിക്കുന്നതിനുള്ള സൗകര്യവുമുണ്ട്.

രണ്ട്തരം സേവന പാക്കേജാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നിശ്ചിത തുക അടയ്ക്കുമ്പോൾ ലഭിക്കുന്ന പ്രത്യേക പാക്കേജ്. ആവശ്യമനുസരിച്ചുള്ള സേവന പാക്കേജ്.

കോൾസെന്ററിൽ വിവരം ലഭ്യമാക്കുന്നതനുസരിച്ച് സേവനം ആവശ്യമുള്ളവരുടെ മേഖലയിലുള്ള കുടുംബശ്രീ ഗ്രൂപ്പിന് വിവരം കൈമാറുകയും ആവശ്യപ്പെടുന്ന സേവനം യഥാസമയത്തു ലഭ്യമാക്കുകയും ചെയ്യും. പാക്കേജിൽ അംഗമാകാത്ത പ്രവാസി കുടുംബങ്ങൾക്കും കുടുംബശ്രീ പ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ 60 അംഗങ്ങൾ ആയിരിക്കും പദ്ധതിയുടെ ഗുണഭോക്താക്കൾ. ഇവരിൽ നിന്നു തന്നെ ഒമ്പതു പേരെ പ്രത്യേകമായി തിരഞ്ഞെടുത്ത് പരിശീലനം നൽകി മാസശമ്പളത്തിൽ കോൾസെന്ററുകളിൽ നിയമിക്കും.

**ലഭ്യമാക്കുന്ന സേവനങ്ങൾ**

* പ്രവാസികളുടെ വിവിധതരം കരങ്ങളും ബില്ലുകളും അടയ്ക്കുക.
* വസ്തു,വാഹനം, വീട് എന്നിവയുമായി ബന്ധപ്പെട്ട വിവിധതരം സേവനങ്ങൾ
* കുടുംബാംഗങ്ങളുടെ ഹെൽത്ത് കെയർ (ആശുപത്രിയിൽ കൊണ്ടുപോകുക, മരുന്ന് വാങ്ങി നൽകുക, ദൈനംദിനമുള്ള ആരോഗ്യ സംരക്ഷണ പരിശോധനകൾ ചെയ്തു നൽകുക).
* പ്രവാസികളുടെ മക്കളുടെ സ്കൂൾ അഡ്മിഷൻ, ഉപരി പഠനം തുടങ്ങിയവയ്ക്കാവശ്യമായ കാര്യങ്ങൾ ചെയ്തു നൽകുക
* പ്രവാസിക്ക് നാട്ടിൽ നടത്തേണ്ട ആഘോഷങ്ങൾ മറ്റ് പരിപാടികൾ എന്നിവ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
* പ്രവാസികളുടെ തരിശുഭൂമി ഏറ്റെടുത്ത് കൃഷിക്കായി നൽകുക.
* സ്ഥാവരജംഗമ സാധനങ്ങളുടെ വാടക പിരിച്ച് പ്രവാസിയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുക, ആവശ്യമെങ്കിൽ സ്ഥാവരജംഗമ സാധനങ്ങളുടെ വിൽപന നടത്തുക.
* പ്രവാസികളുടെ കുടുംബാംഗങ്ങൾക്കും ആശ്രിതർക്കും ആവശ്യമായ ഭക്ഷണം ആവശ്യമുള്ള സാഹചര്യങ്ങളിൽ വീട്ടിലെത്തിക്കുക.
* പ്രവാസികളുടെ നാട്ടിലെ കാർഷിക, നാണ്യവിളകളുടെ പരിചരണം, വിളവെടുപ്പ്, വിൽപ്പന എന്നിവ നടത്തുക.
* പ്രവാസിക്കും കുടുംബത്തിന് എയൽപോർട്ടിൽ നിന്നും നാട്ടിലെത്തുന്നതിനും ശേഷവും ആവശ്യമായ വാഹനസൗകര്യം ക്രമീകരിച്ച് നൽകുക.

# വയനാട്ടിൽ കുടുംബശ്രീ സാന്ത്വനം ഹെൽത്ത് കെയർ സെന്റർ തുടങ്ങി



**വ**യനാട് ജില്ലയിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ സാന്ത്വനം ഹെൽത്ത് കെയർ സെന്റർ തുടങ്ങി. മാനന്തവാടി ബസ് സ്റ്റാൻഡ് കെട്ടിടത്തിലാണ് സെന്റർ പ്രവർത്തിക്കുന്നത്. ജില്ലയിൽ ആരംഭിച്ച പ്രഥമ സെന്ററിന്റെ ഉദ്ഘാടനം മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.ജി ബിജു നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സിൽവി തോമസ് അദ്ധ്യക്ഷത വഹിച്ചു.

ജീവിത ശൈലി രോഗങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പ്രഷർ, ഷുഗർ, കൊളസ്ട്രോൾ തുടങ്ങിയവ വീടുകളിൽ നേരിട്ടെത്തിയും കുടുംബശ്രീ ഹെൽത്ത് കെയർ സെന്ററുകളിൽ നിന്നും പരിശോധിക്കുന്നതിനും ഫലമറിയുന്നതിനും സാന്ത്വന വൊളണ്ടിയർമാരുടെ സേവനം ലഭ്യമാണ്.

പ്രമേഹം, കൊളസ്ട്രോൾ, രക്തസമ്മർദ്ദം, ഉയരം, തൂക്കം തുടങ്ങിയവ പരിശോധിക്കാനുള്ള സൗകര്യം സെന്ററുകളിലുണ്ട്. ഹെൽത്ത് ആക്ഷൻ ബൈ പീപ്പിൾ (ഹാപ്) പദ്ധതി പ്രകാരം വിദഗ്ദ പരിശീലനം പൂർത്തിയാക്കിയ 11 സാന്ത്വനം വോളണ്ടിയർമാരാണ് പരിചരണവും പരിശോധനയും നടത്തുന്നത്.

കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ പി.പി മുഹമ്മദ്, മാനന്തവാടി ഗ്രാമപഞ്ചായത്ത് മെമ്പർ പി.വി ജോർജ്ജ്, മുൻ ബ്ലോക്ക് മെമ്പർ സലീം കേളോത്ത്, മാനന്തവാടി സി.ഡി.എസ് ചെയർപേഴ്സൺ പുഷ്പ മാത്യു, തരിയോട് സി.ഡി.എസ് ചെയർപേഴ്സൺ പി.ആർ ഗീത ഉണ്ണി, മാനന്തവാടി സി.ഡി.എസ് ഉപസമിതി കൺവീനർ ഡെയ്സി മാത്യു പ്രസംഗിച്ചു. റോസമ്മ സേവ്യാർ സ്വാഗതവും മീന സണ്ണി നന്ദിയും പറഞ്ഞു.

# കുടുംബശ്രീ ബാലസഭാംഗങ്ങൾക്കു പരിശീലനം

**കു**ടുംബശ്രീ തൃശൂർ ജില്ലാ മിഷന്റെ നേതൃത്വത്തിൽ എരുമപ്പെട്ടിയിൽ ബാലസഭാംഗങ്ങൾക്കു ദ്വിദിന പരിശീലനം നൽകി. പരിശീലന പരിപാടി പഞ്ചായത്ത് പ്രസിഡന്റ് ഷാജൻ കുണ്ടന്നൂർ ഉദ്ഘാടനം ചെയ്തു. സി.ഡി.എസ് ചെയർപേഴ്സൺ സിന്ധു കൃഷ്ണൻ അധ്യക്ഷത വഹിച്ചു.

കുട, നെറ്റിപ്പട്ടം, ഡിഷ് വാഷ്, ഹാൻഡ് വാഷ്, വള എന്നിവയുടെ നിർമാണ രീതികളിലാണ് ബാലസഭാംഗങ്ങൾക്ക് പരിശീലനം നൽകിയത്. 113 കുടുംബശ്രീ ബാലസഭാംഗങ്ങൾ പരിശീലന പരിപാടിയിൽ പങ്കെടുത്തു. ബാലസഭാ റിസോഴ്സ് പേഴ്സൺമാരായ ഉണ്ണികൃഷ്ണൻ, അശോകൻ, വിജി എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിശീലനം.

പഞ്ചായത്ത് അംഗങ്ങളും സി.ഡി.എസ് അംഗങ്ങളും പരിപാടിയിൽ പങ്കെടുത്തു.

# വനിതാദിനാഘോഷം

## കൊല്ലം



*കൊല്ലം ജില്ലയിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച വനിതാ ദിനാഘോഷം അഡ്വ. ഐഷാ പോറ്റി ഉദ്ഘാടനം ചെയ്യുന്നു*

**കൊ**ല്ലം ജില്ലയിൽ കുടുംബശ്രീ ജില്ലാമിഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഒരു വർഷം നീണ്ടു നിൽക്കുന്ന ജാഗ്രതാ വർഷാചരണം കൊട്ടാരക്കര എം.എൽ.എ അഡ്വ.ഐഷാ പോറ്റി ഉദ്ഘാടനം ചെയ്തു. ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പത്മിനി ദിലീപ് അധ്യക്ഷത വഹിച്ചു.

സ്ത്രീസുരക്ഷയെ മുൻ നിർത്തി ജാഗ്രതാ സമിതി, ജെൻഡർ കോർണർ എന്നിവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി ജില്ലയെ മാതൃകാജില്ലയായി അടുത്ത വനിതാദിനത്തിൽ പ്രഖ്യാപിക്കുകയാണ് ലക്ഷ്യം. ഇതിന്റെ ഭാഗമായി 'നിതാന്ത ജാഗ്രത, നിർഭയ കേരളം' എന്ന മുദ്രാവാക്യം മുൻനിർത്തി ഒരു വർഷം നീളുന്ന ജാഗ്രതാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. പിറവന്തൂർ, ശാസ്താംകോട്ട, തെക്കുംഭാഗം, കരവാളൂർ, പൂയപ്പള്ളി, പുനലൂർ എന്നിവിടങ്ങളിൽ പൂർത്തീകരിച്ച ക്രൈംമാപ്പിംഗ് സർവേയുടെ വിവരങ്ങൾ അടങ്ങിയ പുസ്തകങ്ങളുടെ പ്രകാശനം ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ഡോ.ടി ബിജു നിർവഹിച്ചു. സ്ത്രീയും സഞ്ചാര സ്വാതന്ത്ര്യവും എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിച്ച സെമിനാറിന് ജെൻഡർ കൺസൾട്ടന്റ് പ്രിയ നേതൃത്വം നൽകി.

ജില്ലാമിഷൻ ജെൻഡർ കൺസൾട്ടന്റ് ആർ.ബീന സ്വാഗതം പറഞ്ഞു. ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.വി അലക്സാണ്ടർ, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർമാരായ എം ജമാലുദ്ദീൻ, എച്ച് സഫീർ എന്നിവർ സംസാരിച്ചു. സി.ഡി.എസ് ചെയർപേഴ്സൺ ബിന്ദു പ്രകാശ് കൃതജ്ഞത അറിയിച്ചു.

## എറണാകുളം

**എ**റണാകുളം ജില്ലയിൽ വനിതാദിനാഘോഷങ്ങളുടെ ഭാഗമായി തൃക്കാക്കര കമ്യൂണിറ്റി ഹാളിൽ കുടുംബശ്രീ അംഗങ്ങളുടെ സംഗമം നടത്തി. പ്രശസ്ത ടെലിവിഷൻ അവതാരക രഞ്ജിനി ഹരിദാസ് വനിതാ സംഗമം ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗം ഷേർളി സ്റ്റീഫൻ അധ്യക്ഷത വഹിച്ചു.

സൺഷൈൻ ആശുപത്രി മാനേജിംഗ് ഡയറക്ടർ പർവീൺ ഹാഫീസ്, സിനിമാതാരം ആശാ അരവിന്ദ്, ജ്യോതി നാരായണൻ, ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ടാനി തോമസ്, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ വി.മഞ്ജു എന്നിവർ സംസാരിച്ചു.

## കാസർകോട്



**അ**ന്തർദേശീയ വനിതാദിനത്തിന്റെ ഭാഗമായി കാസർകോട് ജില്ലയിലെ പള്ളിക്കര പഞ്ചായത്തിലെ കുടുംബശ്രീ സി.ഡി.എസിന്റെ ആഭിമുഖ്യത്തിൽ സെമിനാർ സംഘടിപ്പിച്ചു. സെമിനാർ പള്ളിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുന്നൂച്ചി കുഞ്ഞിരാമൻ ഉദ്ഘാടനം ചെയ്തു. സി.ഡി.എസ് ചെയർപേഴ്സൺ വി.ഗീത അധ്യക്ഷത വഹിച്ചു. മെമ്പർ സെക്രട്ടറി ചഞ്ചല കുമാരി പി സ്വാഗതം പറഞ്ഞു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.കെ മാധവി, സ്ഥിരം സമിതി അധ്യക്ഷൻ അജയൻ പനയാൽ എന്നിവർ സംസാരിച്ചു. സി.ഡി.എസ് ചെയർപേഴ്സൺ എം, ലീല നന്ദി പറഞ്ഞു.

## കോഴിക്കോട്

**ലോ**ക വനിതാ ദിനത്തിൽ കുടുംബശ്രീ കൗൺസിലിംഗ് രംഗത്തേക്ക് കടക്കുന്നു. ഇതിനായി കുടുംബശ്രീ ചൈൽഡ് ഡെവലപ്മെന്റ് സെന്ററും സി.ഡി.സിയും സംയുക്തമായി പ്രീ-മാരിറ്റൽ കൗൺസലിംഗ് ട്രെയിനിംഗ് ഫോർ കുടുംബശ്രീ വർക്കേഴ്സ് ഓഫ് കേരള എന്ന വിഷയത്തിൽ ജില്ലയിലെ സി.ഡി.എസ്സുകളിൽ നിന്നും യോഗ്യരായവരെ കണ്ടെത്തി പരിശീലനങ്ങൾ നൽകി.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾക്ക്, വിധേയരായവർക്ക് നൽകേണ്ട സംരക്ഷണം, കൗൺസിലിംഗ് എന്നിവയിലായിരുന്നു തിരഞ്ഞെടുക്കപ്പെട്ടവർക്ക് പരിശീലനം നൽകിയത്. പലതരത്തിലുള്ള അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനായി വളരെ നല്ല രീതിയിൽ പരിശീലനം ലഭിച്ച കമ്മ്യൂണിറ്റി കൗൺസിലേഴ്സിന്റെ സേവനം പ്രയോജനപ്പെടുത്താനാകും. സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്ന പ്രവർത്തനങ്ങളോടൊപ്പം ആവശ്യമായ സാഹചര്യങ്ങളിൽ കൗൺസിലിംഗ്, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവയ്ക്കും ഇവരെ പ്രയോജനപ്പെടുത്താനാകും. കൂടാതെ അതിക്രമങ്ങൾക്കിരയാകുന്നവർക്ക് സുരക്ഷിതത്വവും പിന്തുണയും ഉറപ്പാക്കുന്ന ഘടകങ്ങളും പ്രതിരോധപ്രവർത്തനങ്ങളും ആസൂത്രണം ചെയ്യാൻ സഹായിക്കുന്ന രീതിയിൽ ഈ സംവിധാനത്തെ അയൽക്കൂട്ട കുടുംബാംഗങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങളുടെ തോത് വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഇവയെ പ്രതിരോധിക്കുന്നതിനായി കുടുംബശ്രീ സ്ത്രീപദവി സ്വയം പഠന പ്രക്രിയ ജില്ലയിൽ വിപുലമായ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നതിന്റെ ഭാഗമായാണ് കൗൺസിലിംഗ് രംഗത്തേക്ക് കടന്നുവരാൻ കുടുംബശ്രീ വനിതകൾക്ക് അവസരമൊരുക്കിയത്.

## കണ്ണൂർ

**അ**ന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് വിവിധ സി.ഡി.എസുകളിൽ അയൽക്കൂട്ട സമാഗമം സംഘടിപ്പിച്ചു. സമാഗമത്തിനു മുന്നോടിയായി ദേശീയ ആരോഗ്യ മിഷൻ 'ഫെമി റൺ' സംഘടിപ്പിച്ച കൂട്ടയോട്ടത്തിൽ സി.ഡി.എസ് അംഗങ്ങൾ പങ്കെടുത്തു.

അയൽക്കൂട്ട സമാഗമത്തോടനുബന്ധിച്ച് 'സ്ത്രീയും സഞ്ചാരസ്വാതന്ത്ര്യവും' എന്ന വിഷയത്തെ കുറിച്ച് സെമിനാർ, വിഷയാവതരണം, ചർച്ചകൾ എന്നിവ സംഘടിപ്പിച്ചു. ചെറുകുന്ന് സി.ഡി.എസിൽ സംഘടിപ്പിച്ച സമാഗമത്തിൽ നിയമസാക്ഷരത, ഗാർഹിക പീഡന നിരോധന നിയമം എന്നീ വിഷയങ്ങളിൽ അഡ്വ, റീന, പഞ്ചായത്ത് നിയമ സഹായ സമിതി അംഗം മാധവൻ എന്നിവർ ക്ളാസുകൾ നയിച്ചു.

വനിതാദിനത്തോടനുബന്ധിച്ച് കുടുംബശ്രീ റേഡിയോയിൽ ജില്ലാ മിഷൻ ജെൻഡർ ടീം തയ്യാറാക്കിയ നാടകം 'നിർഭയ നീ തനിച്ചല്ല'സംപ്രേഷണം ചെയ്തു. ഇന്നത്തെ കാലത്ത് പീഡനങ്ങളെ കുറിച്ച് സ്ത്രീകളും കുട്ടികളും ബോധവതികളായിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചായിരുന്നുനാടകം.

# ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന

## സ്വന്തമായൊരു ജോലി നേടാൻ കുടുംബശ്രീയുടെ തൊഴിൽപദ്ധതി

**കേ**ന്ദ്ര സർക്കാർ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജനയുടെ തൊഴിൽ മേള കാസർകോട് ഗവൺമെന്റ് കോളേജിൽ എൻ.എ നെല്ലിക്കുന്ന് എം.എൽ.എ ഉദ്ഘാടനം ചെയ്തു.

മേളയിൽ നാലായിരത്തോളം പേർ പങ്കെടുത്തു. പതിനഞ്ചിനും മുപ്പത്തഞ്ചിനും മധ്യേ പ്രായമുള്ള യുവതീ യുവാക്കളാണ് തൊഴിൽ മേളയിൽ എത്തിച്ചേർന്നത്. ഭിന്നശേഷിയുള്ളവർക്ക് 45 വയസ് വരെ ഇളവ് നൽകിയിട്ടുണ്ട്.കഴിഞ്ഞ മൂന്ന് വർഷത്തെ തൊഴിലുറപ്പ് പദ്ധതികളിൽ 35 തൊഴിൽ ദിനങ്ങൾ വീതം ഓരോ വർഷവും പൂർത്തിയാക്കിയ ബി.പി.എൽ അല്ലാത്ത ഉദ്യോഗാർത്ഥികളെയും പരിഗണിച്ചു. കേരളത്തിനകത്തും പുറത്തും നിന്നുള്ള സ്വകാര്യ കമ്പനികളുടെ പ്രതിനിധികളും തൊഴിൽ മേളയിൽ ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കാൻ എത്തിയിരുന്നു. ഉദ്യോഗാർത്ഥികൾക്ക് മുന്നിൽ തങ്ങളുടെ കമ്പനിയെക്കുറിച്ചും വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് ലഭിക്കാവുന്ന ജോലിയെ കുറിച്ചും മേളയിൽ പങ്കെടുത്ത വിവിധ കമ്പനികളുടെ പ്രിതിനിധികൾ വിശദീകരിച്ചത് ഏതു കമ്പനിയിലെ ജോലി തിരഞ്ഞെടുക്കണമെന്ന് തീരുമാനിക്കാൻ ഉദ്യോഗാർത്ഥികൾക്ക് ഏറെ സഹായകമായി.

എട്ടാം ക്ളാസ് വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് പ്രമുഖ വസ്ത്ര നിർമാണ കമ്പനിയിൽ ടെയ്ലറിംഗ്, കട്ടിങ്, പാക്കിങ് പ്ലസ് ടു യോഗ്യതയുള്ളവർക്ക് അക്കൗണ്ടന്റ്, ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ്, ഡൊമസ്റ്റിക് ബി.പി.ഒ, റീട്ടെയിൽ സെയിൽസ് അസിസ്റ്റന്റ് ,സെക്യൂരിറ്റി ഗാർഡ്, ഹൗസ് കീപ്പിങ്, ഹോസ്പിറ്റാലിറ്റി, ഐ.ടി, ബി.പി.ഒ, റീട്ടെയിൽ എന്നീ ജോലികൾ വാഗ്ദാനം ചെയ്തു.

എഴുത്ത് പരീക്ഷയും അഭിമുഖവും കഴിഞ്ഞതിന് ശേഷമാണ് ഉദ്യോഗാർത്ഥികളെ ജോലിക്കായി തിരഞ്ഞെടുക്കുക. മൂന്ന് മാസത്തെ പരിശീലനത്തിന് വിധേയമാവുന്നവർക്ക് 6000 രൂപയും ആറു മാസം പരിശീലനം ലഭിക്കുന്നവർക്ക് 9000 രൂപയും ലഭിക്കും. ഒമ്പത് മാസം പരിശീലനം ലഭിക്കുന്നവർക്ക് 12000 രൂപയും, ഒരു വർഷം പരിശീലനം ലഭിക്കുന്നവർക്ക് 15000 രൂപയും ലഭിക്കും. ഇതിന് പുറമേ പരിശീലന കാലയളവിൽ യാത്ര, ഭക്ഷണം, താമസം, യൂണിഫോം എന്നിവ സൗജന്യമായിരിക്കും. പൊതു ഗതാഗത സംവിധാനം ഉള്ളിടത്ത് ആയിരിക്കും പരിശീലന കേന്ദ്രങ്ങൾ. ഇവിടെ ബയോമെട്രിക് ഹാജർ സംവിധാനം, പരിശീലന പരിപാടിയുടെ നിരീക്ഷണത്തിനായി സി.സി.ടി.വി ക്യാമറ സംവിധാനവും ഏർപ്പെടുത്തും. ടാബ്ലറ്റ് കമ്പ്യൂട്ടറുകളും ഇവിടെ ഉണ്ടാകും. പോസ്റ്റ് പ്ലേയ്സ്മെന്റ് സപ്പോർട്ട്, കൗൺസിലിങ് ട്രാക്കിങ് എന്നീ സൗകര്യങ്ങളും ഉണ്ടായിരിക്കും. കൂടാതെ ജില്ലയിലോ, സംസ്ഥാനത്തോ പരിശീലനം ലഭിക്കുന്ന യുവതീ യുവാക്കളുടെ തൊഴിൽ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കാനും തൊഴിൽ ദാതാക്കളുമായും പ്രാദേശിക നീതി നിർവഹണ സംവിധാനവുമായും ഇവരെ ബന്ധപ്പെടുത്തുന്നതിനുള്ള സംവിധാനമൊരുക്കും. ഇതിനോടൊപ്പം ഗുണഭോക്താക്കളുടെ ഒത്തുചേരലിനും അവസരമൊരുക്കി മൈഗ്രേഷൻ സപ്പോർട്ട് സെന്റർ ആരംഭിക്കും. ലഭ്യമായ തൊഴിൽ മേഖലയിൽ കൂടുതൽ മികവ് കാട്ടുന്നവർക്ക് കൂടുതൽ മെച്ചപ്പെട്ട മറ്റു ജോലികൾ നേടുന്നതിനാവശ്യമായ തുടർപരിശീലനം നൽകും. വിവിധ സംയോജന സാധ്യതകളെ കാര്യക്ഷമമായി ഉപയോഗിക്കാനും തൊഴിൽ ദാതാക്കളുടെ നെറ്റ്വർക്കിങ്ങിലൂടെ പുതിയ അവസരങ്ങൾ കണ്ടെത്തുകയും അതോടൊപ്പം ക്രിയാത്മകമായ ചർച്ചകളും സംഘടിപ്പിക്കും. ഗുണഭോക്താക്കളുടെ മാനസിക-സാംസ്കാരിക-സാമൂഹികവുമായ ചുറ്റുപാടുകൾ ഉയർത്തുന്നതിനുമുള്ള പിന്തുണയും ദീൻ ദയാൽ പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് ലഭിക്കും.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി ശ്യാമളാദേവി അദ്ധ്യക്ഷത വഹിച്ചു. എം. എൽ.എ മാരായ കെ. കുഞ്ഞിരാമൻ, ഇ. ചന്ദ്രശേഖരൻ, കെ. കുഞ്ഞിരാമൻ, നഗരസഭാ അധ്യക്ഷൻ ടി.ഇ അബ്ദുല്ല, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മുംതാസ് ഷുക്കൂർ, പഞ്ചായത്ത് പ്രസിഡന്റ് അസോസിയേഷൻ ജില്ലാ സെക്രട്ടറി രാജു കട്ടക്കയം, ചെങ്കള ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സി.ബി. അബ്ദുല്ല ഹാജി, മധൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് മാധവ മാസ്റ്റർ, വാർഡ് കൗൺസിലർ അർജുനൻ തായലങ്ങാടി എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. കുടുംബശ്രീ സ്റ്റേറ്റ് കൺസൾട്ടന്റ് ജി.എസ്. ബിനുകുമാർ പദ്ധതി വിശദീകരണം നടത്തി. കുടുംബശ്രീ ജില്ലാ കോർഡിനേറ്റർ അബ്ദുൾ മജീദ് ചെമ്പരിക്ക സ്വാഗതവും അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ മുഹമ്മദ്കുഞ്ഞി നന്ദിയും പറഞ്ഞു.

# യുവജനതയ്ക്ക് തൊഴിൽ: കോഴിക്കോട് ജില്ലയിൽ ആദ്യഘട്ടം പൂർത്തിയായി

## 23 കമ്പനികൾ കുടുംബശ്രീയുമായി ധാരണയിൽ

**ദ**രിദ്ര കുടുംബങ്ങളിലെ യുവതീയുവാക്കൾക്ക് തൊഴിൽ നൽകാൻ കേന്ദ്ര ഗ്രാമവികസന മന്ത്രാലയവും കുടുംബശ്രീയും ചേർന്ന് നടപ്പാക്കുന്ന ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജനയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾക്ക് ജില്ലയിൽ തുടക്കമായി.

ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഭാഗമായാണ് പദ്ധതി നടപ്പാക്കുന്നത്. സംസ്ഥാനത്ത് 30000 യുവതീയുവാക്കൾക്ക് തൊഴിൽ നൽകുന്ന പദ്ധതിയെ കുറിച്ചുള്ള പ്രചാരണ പ്രവർത്തനങ്ങളാണ് ആദ്യഘട്ടത്തിൽ നടത്തുക. കുടുംബശ്രീ കുടുംബാംഗങ്ങളായ യുവതീയുവാക്കളെ തിരഞ്ഞെടുത്ത് അവരുടെ വിദ്യാഭ്യാസത്തിനും അഭിരുചിക്കും ഇണങ്ങുന്ന മേഖലകളിൽ പരിശീലനം നൽകിയ ശേഷം തൊഴിൽ നൽകുകയാണ് ചെയ്യുന്നത്. ഇതിനായുള്ള വിവര ശേഖരണം ജില്ലയിൽ ഒരു മാസം കൊണ്ടു പൂർത്തിയാകും.ഇതു സംബന്ധിച്ച് ജനങ്ങളെ കൂടുതൽ ബോധവൽക്കരിക്കുന്നതിനും യുവാക്കളെ കൂടുതൽ അടുപ്പിക്കുന്നതിനും ജില്ലയുടെ വിവിധ ഭാഗങ്ങളിൽ തെരുവു നാടകം അവതരിപ്പിക്കും. കുടുംബശ്രീ എക്സാത്ത് ട്രെയിനിങ്ങ് ഗ്രൂപ്പിന്റെ അടിസ്ഥാനത്തിലാണ് നാടക അവതരണം. രാജ്യത്തിനകത്തും പുറത്തുമുള്ള 23 കമ്പനികൾ പരിശീലനം നൽകുന്നതുമായി ബന്ധപ്പെട്ട് കുടുംബശ്രീയുമായി കരാറിലായിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ പരിശീലന സ്ഥാപനങ്ങളുടെ സഹകരണത്തോടെ വിവിധ തൊഴിൽ ഉടമകളുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കമ്പനികൾ, സർക്കാർ-അർദ്ധസർക്കാർ, സ്വയംഭരണ സ്ഥാപനങ്ങൾ, തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനങ്ങൾ, സ്വയംസഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ എന്നിവ കുടുംബശ്രീയുമായി സഹകരിക്കും.

# കൊല്ലം ജില്ലയിൽ ആജീവിക പദ്ധതിയ്ക്ക് തുടക്കം

**കൊ**ല്ലം ജില്ലയിൽ കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജനയുടെ പ്രചാരണ പരിപാടികൾക്ക് തുടക്കമായി. ഇതിന്റെ ഭാഗമായി ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ടു നടന്ന സമ്മേളനം മുൻ ചീഫ് സെക്രട്ടറി ഡോ. ഡി. ബാബു പോൾ ഉദ്ഘാടനം ചെയ്തു. ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ടി.ബിജു അധ്യക്ഷത വഹിച്ചു.

സ്ത്രീത്വത്തിന്റെ മഹത്വം അമ്മമാർ കുട്ടികൾക്ക് മനസിലാക്കി കൊടുക്കണമെന്നും സ്ത്രീകളെ മാനിക്കുകയും അവരുടെ അഭിപ്രായങ്ങൾക്ക് വിലകൽപിക്കുകയും ചെയ്യുന്നിടത്തു മാത്രമേ പുരോഗതി ഉണ്ടാവുകയുള്ളൂയെന്നും മുൻ ചീഫ് സെക്രട്ടറി ഡോ. ഡി. ബാബു പോൾ പറഞ്ഞു.

പദ്ധതിയുടെ ജില്ലാതല ടീം എന്റെ നൈപുണ്യം എന്റെ വ്യക്തിത്വം എന്ന സന്ദേശ നാടകം അവതരിപ്പിച്ചു. ജില്ലാ കൺസൾട്ടന്റ് ബിനുകുമാറാണ് നാടകത്തിന്റെ രചനയും സംവിധാനവും നിർവഹിച്ചത്. ബ്ളോക്ക് കോ-ഓർഡിനേറ്റർമാരായ ആർ.പി അനുദാസ്, ബിനോയ് ബേബി, ഇർഷാദ് ഖാൻ, ജിൻസൺ. ആർ. തോമസ്, ഹരീഷ്, നിതിൻ ബോസ്, രശ്മി ജെ നായർ, ശരണ്യ എസ്, സിനിമോൾ, സ്മിതാമേരി എന്നിവരായിരുന്നു നാടകത്തിലെ അഭിനേതാക്കൾ. മികച്ച ജില്ലാപഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി നേടിയ കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എസ്. ജയമോഹനെയും തിരഞ്ഞെടുപ്പ് ഡെപ്യൂട്ടി കലക്ടർ രജീദേവിയെയും ആദരിച്ചു. ജില്ലാ ഇൻഫർമേഷൻ ഓഫീസർ കെ. അബ്ദുൾ റഷീദ്, ജില്ലാ പഞ്ചായത്ത് സെക്രട്ടറി കെ. അനിൽകുമാർ, എം. ജമാലുദ്ദീൻ, എസ്. സഫീർ, അൻസർ പ്രസംഗിച്ചു.

# വിഷൻ 2020

**കു**ടുംബശ്രീ കോഴിക്കോട് ജില്ലാമിഷന്റെ നേതൃത്വത്തിൽ "വിഷൻ 2020" ഏകദിന ശിൽപശാല സംഘടിപ്പിച്ചു. കുടുംബശ്രീയുടെ മുന്നോട്ടുള്ള കുതിപ്പിന് ജില്ലയിൽ കരുത്തേകുക എന്ന ലക്ഷ്യത്തോടെയാണ് ശിൽപശാല സംഘടിപ്പിച്ചത്.

ഭാവനാപൂർണമായ ആശയങ്ങളിലൂടെയും നൂതനപദ്ധതികളിലൂടെയും പ്രവർത്തനം വിപുലീകരിക്കാനുള്ള തയ്യാറെടുപ്പിലാണ് ജില്ലാനേതൃത്വം. വിവിധ വകുപ്പുകളും കുടുംബശ്രീ സംയോജന സാദ്ധ്യതകളും എന്ന വിഷയത്തിൽ കൃഷി ഓഫീസർ ടി.കെ. നസീർ, നബാർഡ് ഡി.ഡി.എം കെ. പി. പത്മകുമാർ ലീഡ് ബാങ്ക് ഡിവിഷണൽ മാനേജർ കെ. ഭുവൻദാസ്, ഐ.ഐ.എം. അസി. പ്രൊഫസർ ഡോ: പ്രിയ നായർ രാജീവ്, സൗത്ത് ഏഷ്യൻ കോളേജ് ഓഫ് ജേർണലിസം ഫാക്കൽറ്റി അംഗം അഹമ്മദ് മുജ്തബ എന്നിവർ ക്ലാസ്സെടുത്തു. തുടർന്ന് സി.ഡി.എസ്സ് ചെയർപേഴ്സൺമാർക്കുള്ള എ.ടി.എം കാർഡുകൾ, ആടുഗ്രാമം സബ്സിഡി, കോർപ്പസ് ഫണ്ട്, ക്ഷീരസാഗരം സബ്സിഡി, മാച്ചിംഗ് ഗ്രാന്റ്, ജെ.എൽ.ജി ഗ്രാന്റ് മുതലായവ വിതരണം ചെയ്തു. തുടർന്ന് വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച സംഘടിപ്പിച്ചു.

ജില്ലാമിഷൻ കോ-ഓർഡിനേറ്റർ കെ.കെ. മുഹമ്മദ് ഫൈസൽ അധ്യക്ഷത വഹിച്ചു. കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കാരാട്ട് അബ്ദുൽറസാഖ്, കുടുംബശ്രീ ഗവേണിഗ് ബോഡി അംഗം ജീജ ദാസ്, ഐ.ഐ.എം. പ്രൊഫസർ അനൂഭ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറി ബിജു താന്നിക്കാകുഴി, കൊടുവള്ളി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് പൂക്കോട്ടിൽ ഗോപാലൻ, കൊടുവള്ളി ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷൻ കെ. സുരേന്ദ്രൻ, വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷ ഷെരീഫ കണ്ണാടിപ്പൊയിൽ കുടുംബശ്രീ എ..ഡി.എം.സി. പി.കെ. അസീസ് എന്നിവർ സംസാരിച്ചു.

വിവിധ വകുപ്പുകൾ മുഖേന ലഭ്യമായ പദ്ധതികൾ പരമാവധി ഉപയോഗപ്പെടുത്തുക, ഐ.ടി രംഗത്തെ സാധ്യതകൾ ഉപയുക്തമാക്കി ജോലിഭാരം ലഘൂകരിക്കുക, എല്ലാ ധനസഹായ വിതരണവും ബാങ്ക് മുഖേന നൽകുക മുതലായ ശിൽപശാലയിൽ ഉരുത്തിരിഞ്ഞുവന്ന നിർദേശങ്ങൾ അടിയന്തിരമായി നടപ്പാക്കുമെന്നും അവ ഡോക്യുമെന്റ് ചെയ്യുമെന്നും ജില്ലാമിഷൻ കോർഡിനേറ്റർ അറിയിച്ചു.



സംസ്ഥാനത്ത് ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിൽ ഏറ്റവും കൂടുതൽ വ്യാപാര സ്ഥാപനങ്ങളെ രജിസ്റ്റർ ചെയ്ത് ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കൊല്ലം ജില്ലയിലെ ഉമ്മന്നൂർ സി.ഡി.എസിലെ സാറാമ്മ പി.കെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയിൽ നിന്നും ഉപഹാരം സ്വീകരിക്കുന്നു

# കുടുംബശ്രീ മാസ്റ്റർ ഫാർമേഴ്സ് സംഗമം



കുടുംബശ്രീയുടെ വിവിധ പദ്ധതികൾക്കായുള്ള ആനുകൂല്യ വിതരണോദ്ഘാടനം പട്ടികവർഗ യുവജനക്ഷേമ മന്ത്രി പി.കെ ജയലക്ഷ്മി നിർവഹിക്കുന്നു

**വ**യനാട്ടിൽ കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ മാസ്റ്റർ ഫാർമേഴ്സ് സംഗമം നടന്നു. ചടങ്ങിൽ വിവിധ പദ്ധതികൾക്കായുള്ള ഒരു കോടി രൂപയുടെ ആനുകൂല്യ വിതരണോദ്ഘാടനം പട്ടികവർഗ യുവജനക്ഷേമ മന്ത്രി പി.കെ ജയലക്ഷ്മി നിർവഹിച്ചു.

വീട്ടുമുറ്റത്തൊരു ബാങ്ക് പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ സി.ഡി.എസ് മുഖേന അയൽക്കൂട്ട അംഗങ്ങൾക്കു നൽകുന്ന കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് അഞ്ചു ലക്ഷം രൂപ വീതം പനമരം, കണിയാമ്പറ്റ സി.ഡി.എസുകൾക്ക് മന്ത്രി കൈമാറി. കൽപ്പറ്റ എൻ.എം.ഡി.സി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ എം.വി ശ്രേയാംസ് കുമാർ എം.എൽ.എ അധ്യക്ഷത വഹിച്ചു. സംഘകൃഷി ഗ്രൂപ്പുകൾക്ക് വിസ്തൃതി ബോണസായി 28 സി.ഡി.എസുകൾക്ക് 29,75,000 രൂപയും ഉൽപാദന ബോണസായി നാലു സി.ഡി.എസുകൾക്ക് 60,000 രൂപയും വിതരണം ചെയ്തു.

ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട മാസ്റ്റർ ഫാർമേഴ്സിന് ഓണറേറിയമായി 2500 രൂപ വീതം ആറു ലക്ഷം രൂപയും എം.എൽ.എ വിതരണം ചെയ്തു. പലിശ സബ്സിഡി ഇനത്തിൽ ഏഴു സി.ഡി.എസുകൾക്ക് 15 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എൻ.കെ റഷീദ് വിതരണം ചെയ്തു.

യുവശ്രീ പ്രകാരം സംരംഭങ്ങൾക്കു നൽകുന്ന സബ്സിഡി വിതരണം കൽപ്പറ്റ നഗരസഭാ ചെയർമാൻ പി.പി ആലി ഉദ്ഘാടനം ചെയ്തു. അയൽക്കൂട്ടങ്ങൾക്കു നൽകുന്ന മാച്ചിംഗ് ഗ്രാന്റ് വിതരണോദ്ഘാടനം കൽപ്പറ്റ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.കെ അനിൽകുമാർ നിർവഹിച്ചു. കുടുംബശ്രീ ജില്ലാമിഷൻ അസിസ്റ്റന്റ് കോ–ഓർഡിനേറ്റർ ടി.എൻ ശോഭ, അമ്പലവയൽ കെവി.കെ അസിസ്റ്റന്റ് പ്രഫ. പി.കെ ജബ്ബാർ എന്നിവർ സംസാരിച്ചു. കുടുംബശ്രീ ജില്ലാമിഷൻ കോ–ഓർഡിനേറ്റർ പി.പി മുഹമ്മദ് സ്വാഗതവും എം.കെ.എസ്.പി കൺസൾട്ടന്റ് പി.കെ സുഹൈൽ നന്ദിയും പറഞ്ഞു.

# കുടുംബശ്രീ സാന്ത്വനം മൊബൈൽ മെഡിക്കൽ യൂണിറ്റ് ക്യാമ്പ്



സാന്ത്വനം മെഡിക്കൽ കെയർ യൂണിറ്റ് കളക്ട്രേറ്റിൽ നടത്തിയ രോഗനിർണയ ക്യാമ്പ് കലക്ടർ യു.വി ജോസ് ഉദ്ഘാടനം ചെയ്യുന്നു.

**കു**ടുംബശ്രീ കോട്ടയം ജില്ലാമിഷന്റെ നേതൃത്വത്തിൽ സാന്ത്വനം മെഡിക്കൽ കെയർ യൂണിറ്റ് കളക്ട്രേറ്റിൽ നടത്തിയ രോഗനിർണയ ക്യാമ്പ് കലക്ടർ യു.വി ജോസ് ഉദ്ഘാടനം ചെയ്തു.

ജീവനക്കാർക്കും പൊതുജനങ്ങൾക്കുമായാണ് മെഡിക്കൽ ക്യാമ്പ് നടത്തിയത്. തിങ്കൾ, വ്യാഴം ദിവസങ്ങളിൽ രാവിലെ പത്തു മുതൽ വൈകുന്നേരം അഞ്ചു വരെയാണ് പരിശോധന. ബ്ളഡ്, ഷുഗർ, കൊളസ്ട്രോൾ, ബോഡി മാസ് എന്നിവ പരിശോധിച്ച് റിസൾട്ട് തരും. പരിശോധനകൾക്ക് മിതമായ നിരക്കിലാണ് സാന്ത്വനം ചെയ്തുകൊടുക്കുന്നത്. വൊളന്റിയേഴ്സായി എട്ടു പേരാണ് ജില്ലയിൽ പ്രവർത്തിക്കുന്നത്. കുടുംബശ്രീ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർ സി.ശോഭാലക്ഷ്മി, അസിസ്റ്റന്റ് കോ–ഓർഡിനേറ്റർ എ. റിയാസ്, മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റ് മുബീഷ് വി.മുരളീധരൻ, കുടുംബശ്രീ സി.ഡി. എസ് പ്രവർത്തകർ എന്നിവർ പങ്കെടുത്തു.

# അർപ്പണ: കണ്ണൂരിൽ കുടുംബശ്രീ വനിതകൾ ഹോംനഴ്സിംഗ് രംഗത്തേക്ക്



അർപ്പണ ഹെൽത്ത് ആൻഡ് ഡൊമസ്റ്റിക് കെയർ പ്രൊവൈഡേഴ്സ് ഹോം നഴ്സിംഗ് പദ്ധതിയുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രഫ.കെ എ സരള നിർവഹിക്കുന്നു.

**ക**ണ്ണൂർ ജില്ലയിൽ കുടുംബശ്രീയും ജില്ലാ പഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്ന അർപ്പണ ഹെൽത്ത് ആൻഡ് ഡൊമസ്റ്റിക് കെയർ പ്രൊവൈഡേഴ്സ് ഹോം നഴ്സിംഗ് പദ്ധതിയുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രഫ.കെ എ സരള നിർവഹിച്ചു. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഒ. രതി അധ്യക്ഷത വഹിച്ചു.

ഹോം നഴ്സായി പ്രവർത്തിക്കാൻ താൽപര്യമുള്ള കുടുംബശ്രീ അംഗങ്ങളെ കണ്ടെത്തി മികച്ച രീതിയിൽ പരിശീലനം നൽകി സംരംഭ ഗ്രൂപ്പുകളാക്കി തൊഴിലും വരുമാനവും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് അർപ്പണ പദ്ധതി നടപ്പാക്കുന്നത്. ഇന്നത്തെ അണുകുടുംബ പശ്ചാത്തലത്തിൽ വീടുകളിൽ ഒറ്റപ്പെടുന്ന രോഗികളായ വൃദ്ധരെയും പരസഹായം ആവശ്യമുള്ളവരെയും ശ്രുശ്രൂഷിക്കാൻ ആളില്ലാത്ത അവസ്ഥയാണ്. ഈ പ്രശ്നത്തെ മറികടക്കുന്നതിനും ഈ മേഖലയിൽ വിശ്വാസ്യത നേടിയെടുത്തുകൊണ്ട് നിലവിൽ തൊഴിൽ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക എന്നതും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.



വാർധക്യവും രോഗം തളർത്തിയവർക്കും സാന്ത്വനമേകുന്ന വിധത്തിലാണ് അർപ്പണ പദ്ധതി നടപ്പാക്കുക. ഇതിനായി ആദ്യ ബാച്ചിലെ 34 പേരാണ് ഈ മേഖലയിൽ പുതുതായി കാൽവയ്ക്കുന്നത്. രോഗബാധിതരായി കിടക്കുന്നവർ, പ്രായാധിക്യത്താൽ പരസഹായം ആവശ്യമുള്ളവർ, പ്രസവശുശ്രൂഷ, കുട്ടികളെ പരിപാലിക്കൽ, ആശുപത്രിയിൽ രോഗികൾക്ക് സഹായിയായി നിൽക്കൽ, വീടുകളിൽ പകൽ പരിപാലനം എന്നിവയാണ് ഇവർ നൽകുന്ന സേവനങ്ങൾ.

പരിശീലനം പൂർത്തിയാക്കിയ ഇവർക്ക് ഉദ്ഘാടന ദിവസം തന്നെ മുഴുവൻ പേർക്കും തൊഴിലും ലഭിച്ചു. മാത്രമല്ല അർപ്പണയിലൂടെ പരിശീലനം നേടിയ ഹോംനഴ്സുമാരുടെ സേവനം ആവശ്യപ്പെട്ട് നിരവധി പേരാണ് മുന്നോട്ടു വരുന്നത്. ഇതോടൊപ്പം അർപ്പണ പദ്ധതിയിൽ ചേർന്ന് പരിശീലനം ലഭ്യമാക്കാൻ നിരവധി യുവതികൾ മുന്നോട്ടു വരുന്നുണ്ട്. പദ്ധതി ആരംഭിച്ചപ്പോൾ തന്നെ ലഭിച്ച മികച്ച സ്വീകാര്യത രണ്ടാം ഘട്ടം തുടങ്ങുന്നുതിന് അധികൃതർക്ക് പ്രോത്സാഹനം നൽകിയിട്ടുണ്ട്. കണ്ണൂരിലെ സീ സ്റ്റഡ്സ് എന്ന സ്ഥാപനത്തിൽ നിന്ന് മൂന്നു മാസത്തെ ഹോം നഴ്സിംഗ് പരിശീലനവും ജില്ലാ ആശുപത്രിയിൽ നിന്ന് ഒരു മാസത്തെ പ്രാക്ടിക്കൽ പരിശീലനവും കഴിഞ്ഞാണ് ഹോം നഴ്സുമാർ കർമരംഗത്തിറങ്ങിയത്. പദ്ധതിക്കായി ജില്ലാതലത്തിൽ ജില്ലാപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ ഓഫീസ് സംവിധാനം ആരംഭിച്ചിട്ടുണ്ട്.

ചുരീദാറും ഓവർ കോട്ടുമാണ് ഹോംനഴ്സുമാരുടെ യൂണിഫോം. ഹോംനഴ്സിനെ ആവശ്യമുള്ളവരുമായി ജോലിയും വേതനവും സംബന്ധിച്ച കരാറുണ്ടാക്കിയ ശേഷം മാത്രമായിരിക്കും ഇവരെ നിയോഗിക്കുക. ഇതു പ്രകാരം സേവനം ആവശ്യമുള്ളവരിൽ നിന്നും ലഭിക്കുന്ന വേതനം ഹോംനഴ്സുമാർക്ക് ഇടനിലക്കാരില്ലാതെ നേരിട്ടു ലഭിക്കും.

ജില്ലാ പഞ്ചായത്ത് അംഗം മീനാക്ഷി ടീച്ചർ സ്വാഗതം പറഞ്ഞു. ജില്ലാമിഷൻ കോ–ഓർഡിനേറ്റർ എം.വി പ്രേമരാജൻ റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാകലക്ടർ ബാലകിരൺ, കണ്ണൂർ നഗരസഭാ അധ്യക്ഷ റോഷ്നി ഖാലിദ് എന്നിവർ മുഖ്യാതിഥികളായിരുന്നു. പുതുതായി ഹോം നഴ്സിംഗ് മേഖലയിലേക്കെത്തിയ 34 കുടുംബശ്രീ വനിതകൾക്ക് കലക്ടർ തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തു. വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷ എം. പി സുജാത, ക്ഷേമകാര്യ സ്ഥിരം സമിതി അംഗങ്ങളായ പി. പി മെഹമൂദ്, പി. മാധവൻ മാസ്റ്റർ, കെ. കുഞ്ഞിരാമൻ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എം. ഷാജ്, വനിതാ സെൽ എ.എസ്.ഐ നസീമ, പെയിൻ ആൻഡ് പാലിയേറ്റീവ് സൊസൈറ്റി കോ–ഓർഡിനേറ്റർ സനോജ് എന്നിവർ ആശംസാ പ്രസംഗം നടത്തി. ജില്ലാ പഞ്ചായത്ത് സെക്രട്ടറി എം.കെ ശ്രീജിത് നന്ദി പറഞ്ഞു.

**പ്രഫ. കെ. എ സരള**

കുടുംബശ്രീ ജില്ലാമിഷനും ജില്ലാപഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്ന അർപ്പണ മഹത്തായ പദ്ധതിയാണ്. പേര് സൂചിപ്പിക്കുന്നതുപോലെ തന്നെ അർപ്പണ മനോഭാവമുള്ള ഹോം നഴ്സുമാർ രോഗീപരിചരണ മേഖലയിൽ മികച്ച സേവനങ്ങൾ നൽകി സ്നേഹജ്വാലയായി നിലനിൽക്കും.

**ജില്ലാ കലക്ടർ ബാലകിരൺ**

കുടുംബശ്രീ ജില്ലാമിഷനും ജില്ലാപഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്ന അർപ്പണ പദ്ധതിക്ക് ജനങ്ങളിൽ വിശ്വാസമുണ്ടാക്കാനും കൂടുതൽ വനിതകളെ ഈ മേഖലയിലേക്ക് കൊണ്ടുവരുന്നതിനും സാധിക്കും.

**ഡോ.എം. ഷാജ്(ജില്ലാ മെഡിക്കൽ ഓഫീസർ)**

അണുകുടുംബ വ്യവസ്ഥിതി നിലനിൽക്കുന്നതിനാൽ പ്രായമായവരെ സംരക്ഷിക്കാൻ ആരുമില്ലാത്ത അവസ്ഥയിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ ഈ മേഖലയിൽ പരിശീലനം നേടിയ ഹോംനഴ്സുമാരുടെ സേവനം തികച്ചും അർത്ഥവത്താണ്.

**തൊഴിൽ സുരക്ഷക്ക് ജില്ലാതല മോനിട്ടറിംഗ് കമ്മിറ്റി**

ഹോംനഴ്സിംഗ് മേഖലയിൽ ജോലി ചെയ്യുന്ന കുടുംബശ്രീ വനിതകൾക്ക് തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി പല വകുപ്പുകളിലെ മേധാവികളെ ഉൾപ്പെടുത്തി ജില്ലാതല മോനിട്ടറിംഗ് കമ്മിറ്റി രൂപീകരിച്ചു.



ഹോം നഴ്സിംഗ് രംഗത്തു പ്രവർത്തിക്കുന്നവർക്ക് ഇന്ന് പലതരത്തിലുള്ള പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടതായി വരുന്നു. ഇടനിലക്കാർ മുഖാന്തിരം ജോലി ലഭിക്കുന്നവർക്ക് കൃത്യമായ വേതനം ലഭിക്കാതെ വരുന്നതും ജോലിസ്ഥലങ്ങളിലെ സുരക്ഷിതമില്ലായ്മയും അവയിൽ ചിലതാണ്. എന്നാൽ ഇത്തരം സാഹചര്യങ്ങൾ മുന്നിൽ കണ്ട് അവയെ ഒഴിവാക്കുന്നതിനു വേണ്ടിയാണ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്.

**പോലീസിന്റെ സഹായം ഏതവസരത്തിലും**

ഹോംനഴ്സിംഗ് മേഖലയിൽ ജോലി ചെയ്യുന്ന കുടുംബശ്രീ വനിതകൾക്ക് തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി പോലീസിന്റെ സഹായം ഏതവസരത്തിലും ലഭ്യമാണ്. പൊലീസിന്റെ സഹായം ആവശ്യമുള്ളവർക്ക് 1091, 0497 2764046 എന്നീ വനിതാ സെൽ നമ്പറുകളിൽ ബന്ധപ്പെടാം.

# നാടിനു മാതൃകയായി കുടുംബശ്രീ സംഘകൃഷി



**കു**ടുംബശ്രീ കോട്ടയം ജില്ലാമിഷനും അയർക്കുന്നം ഗ്രാമപഞ്ചായത്തും സംയുക്തമായി സംഘടിപ്പിച്ച കൊയ്ത്തുത്സവം നാടിനു ഉത്സവമായി. ദാരിദ്ര്യ ലഘൂകരണവും ഭക്ഷ്യ സ്വയംപര്യാപ്തതയും ലക്ഷ്യമിട്ടു കുടുംബശ്രീ മുഖേന നടപ്പാക്കുന്ന സംഘകൃഷി നാടിനാകെ മാതൃകയാകുന്നതിന്റെ ആഹ്ളാദത്തിലാണ് സംഘകൃഷി അംഗങ്ങൾ.

കോട്ടയം ജില്ലയിൽ അയർക്കുന്നം പഞ്ചായത്തിൽ പതിനാറാം വാർഡിൽ തുരുത്തേൽ പാടശേഖരത്തിലെ ആറേക്കർ തരിശു നിലത്താണ് കുടുംബശ്രീ വനിതകൾ കൃഷിയിറക്കിയത്. ഒത്തൊരുമയോടെ കഠിനാദ്ധ്വാനം നടത്തിയതിന് മണ്ണിൽ നിന്നും ലഭിച്ചതാകട്ടെ നൂറുമേനി വിളവ്. ചൈതന്യ സംഘകൃഷി ഗ്രൂപ്പാണ് കാർഷിക മേഖലയിൽ പുതിയ മുന്നേറ്റം നടത്തിയത്. ഇനിയും ഈ മേഖലയിൽ കൂടുതൽ വിജയം നേടാൻ ഇവരുടെ എല്ലാ പരിശ്രമങ്ങൾക്കും ഊർജം പകർന്നുകൊണ്ട് കുടുംബശ്രീയും പഞ്ചായത്തും ഒപ്പമുണ്ട്. നാട്ടുകാരുടെ പിന്തുണയും കുടുംബശ്രീ സംഘകൃഷിയുടെ വിജയത്തിന് കുതിപ്പേകി.

കൊയ്ത്തുത്സവം അയർക്കുന്നം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോസഫ് ചാമക്കാല ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ കെ.സി ഐപ്പ്, കുടുംബശ്രീ ജില്ലാമിഷൻ കൺസൾട്ടന്റ് അനുപ് ചന്ദ്രൻ, കുടുംബശ്രീ സി.ഡി.എസ് ആക്ടിംഗ് വൈസ് ചെയർപേഴ്സൺ വസുമതി, ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷൻ ശശീന്ദ്രനാഥ് എന്നിവർ സംസാരിച്ചു. ചൈതന്യ സംഘകൃഷി ഗ്രൂപ്പ് അംഗങ്ങളായ ലൗലി, ശോഭന, സൂസമ്മ, കുട്ടിയമ്മ എന്നിവരെ ആദരിച്ചു.

Printed and published by K.B.Valsalakumari, Executive Director, Kudumbashree, State Poverty Eradication Mission- Government of Kerala, 2ndFloor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram 695011. Layout: Communique, Tvpm, Printed at: KBPS, Kakkanad, Kochi-30. Managing Editor: P.R Sreekumar. Editor. S. Sanjay Kumar. Editorial Assistant: Asha.S. Panicker. email: spempro2012@gmail.com

For private circulation